ഓർമ്മ

# തുടിപ്പ്

മാഗസിൻ

തളിപ്പറമ്പ് സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ


Conserve Nature


Save Water





ലക്കം 5
2017 മാർച്ച്



## Editorial Board

ചീഫ് എഡിറ്റർ
എം. കാസിം

എഡിറ്റർ:
പി.വി. ഫസലുള്ള

സ്റ്റാഫ് എഡിറ്റർ:
അമാനത്ത് വി.കെ.
അബ്ദുൾ റഊഫ്

എഡിറ്റർ ഇൻചാർജ്
മുഹമ്മദ് സുഹൈൽ.പി

അംഗങ്ങൾ:
ഫിറോസ്.ടി അബ്ദുള്ള
മാഷിദ, ഷംനാസ്.പി.സി,
സാബിറ.സി,
മുഹമ്മദ് ജലീസ്.കെ.എം

ഫോട്ടോഗ്രാഫി:
മുസ്തഫ.കെ.സി

പ്രിന്റർ & പബ്ലിഷർ:
അധ്യാപക രക്ഷാകർതൃ സമിതി

കവർ ഡിസൈൻ & ലേഔട്ട്
*Adstar*, Taliparamba


# ഉൾത്തുടിപ്പുകൾ

## ഭൗതിക സൗകര്യ വികസനം


സീതി അന്താരാഷ്ട്ര പദവിയിലേക്ക് 03
Words from Chiefs 04
കനൽ വഴികൾ താണ്ടി കനക കിരീടത്തിലേക്ക് 05
Edulink ശ്രദ്ധേയമാകുന്നു 08
ഹൈടെക് ക്ലാസ് മുറികൾ 09


## Quality Education


അധ്യാപക ശാക്തീകരണ പരിശീലനം 10
പൂർവ്വ വിദ്യാർത്ഥികളായ അധ്യാപകർ 10
ഗൃഹ സന്ദർശന ദിനം 11
തണൽ 11
പ്രാദേശിക രക്ഷാകർതൃ സംഗമം 12
നാഷണൽ മീൻസ് കം മെരിറ്റ് സ്കോളർഷിപ്പ് പരിശീലനം 13
നാഷമൽ ടാലന്റ് സേർച്ച് പരിശീലനം 13
സീതി സാഹിബ് ഒരുക്കുന്ന ഉന്നത വിദ്യാഭ്യാസത്തിനുള്ള പരിശീലനം 14


## Skill Improvemetn


സ്റ്റുഡന്റ് പോലീസ് കേഡറ്റ് 16
നമ്മുടെ സ്കൂളിൽ എസ്.പി.സി 17
തുടിപ്പ് മാഗസിൻ 17
ജൂനിയർ റെഡ് ക്രോസ് 18
ഭാരത് സ്കൗട്ട്സ് & ഗൈഡ്സ് 19
സേവനത്തിന്റെ വേറിട്ട പാതയിൽ സീതി സാഹിബ് NSS 20
मम अनुभवा: 21


## വിദ്യാർത്ഥി സൃഷ്ടികൾ


ഒരു യാത്രാ വിവരണം 22
എനിക്ക് വിധിച്ചത് 23
തനിച്ചാണവൾ 23
میری ماں 23
അമ്മ 23
حياة متحزية 24
ചുവന്ന കാർ 25
Headingless 25
മരണം 26
Last Words 26
Travelogue 27


## കുട്ടികളുടെ ഇഷ്ട വിദ്യാലയം


ഒരു വട്ടം കൂടിയാ.. 28
കാലം തിരികെ വിളിക്കുമ്പോൾ 28
എന്നെ ഞാനാക്കിയ സീതി 29
ഓർമ്മകൾ 29
സീതിയുടെ തണലിൽ 30
സീതിയെന്ന നന്മമരം 30


## അഭിമാന നിമിഷങ്ങൾ


സകലകല 34
കായിക മാമാങ്കം 35
വാർത്തകളിൽ 36



*publisher: p.k.subair, Manager, seethi sahib higher secondary school, taliparamba*

# സീതി അന്താരാഷ്ട്ര പദവിയിലേക്ക്



പി.കെ.സുബൈർ
സ്കൂൾ മാനേജർ

തൊള്ളായിരത്തി അറുപത്തിയേഴിൽതുടങ്ങി തളിപ്പറമ്പിലെ തലമുറകൾക്ക് രൂപവും, നിറവും നൽകിയ സീതി സാഹിബ് ഹയർസെക്കന്ററി സ്കൂൾ സുവർണ്ണ ജൂബിലി വർഷത്തിലാണ്. നിരവധി ഉന്നതവ്യക്തികൾ മുന്നിൽ നിന്ന് നയിച്ച് വലുതാക്കിയ ഈ കലാക്ഷേത്രത്തിനുണ്ടായ ഉത്ഥാനപതനങ്ങളും ചാരത്തിൽ നിന്ന് ആകാശംമുട്ടെ വളർന്നതും ദേശവാസികളുടെ അനുഭവപുസ്തകത്തിലെ മധുരമുള്ള ഏടുകളിൽ ഒന്നാണ്. കേരളത്തിന്റെ മുൻ സ്പീക്കറും, നമ്മുടെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധി കേരളത്തിൽ വന്നപ്പോഴൊക്കെ അദ്ദേഹത്തിന്റെ പ്രധാന പ്രസംഗ വിവർത്തകനുമായിരുന്ന കെ.എം. സീതിസാഹിബിന്റെ നാമധേയത്തിലുള്ള സ്കൂളിൽ മുൻഗാമികൾ നടത്തിവന്ന വലിയമാറ്റങ്ങൾക്ക് തുടർച്ചയെന്ന നിലക്ക് മൂന്ന് വർഷം മുമ്പ് PROMISE(PRogramme for Multi-skill Improvement and Systematic Education) പദ്ധതിക്ക് ഞങ്ങൾ രൂപം നൽകി.



ഭൗതിക സൗകര്യവികസനവും വിദ്യാഭ്യാസമികവും, കുട്ടികളുടെ കഴിവ് പരിപോഷിപ്പിക്കലും ലക്ഷ്യമാക്കിയ പദ്ധതിയുടെ വ്യാപ്തി അതിവിപുലവും സമയം വേണ്ടതുമാണ്. ദൈവാനുഗ്രഹത്താൽ മാനേജ്മെന്റിന്റേയും, അധ്യാപകരുടേയും രക്ഷിതാക്കളുടേയും കഠിനാധ്വാനവും, ഐക്യവും കാരണം അതിൽ പലതും നേരത്തെതന്നെ നേടിക്കഴിഞ്ഞു.

ഭൗതിക സൗകര്യവികസന പ്രവർത്തനങ്ങൾ തകൃതിയായി നടക്കുകയാണ്. പഴയകെട്ടിടങ്ങൾ മാറ്റി പുതിയതും മനോഹരവുമായ കെട്ടിടസമുച്ചയങ്ങൾ, സ്കൂൾ സ്റ്റേഡിയം, ഗേൾസ് ഫ്രണ്ട്ലി ടോയ്‌ലറ്റ്, ആധുനിക കോൺഫറൻസ് ഹാൾ, പൂന്തോട്ടവും പഴത്തോട്ടവും കൊണ്ട് ഹരിതാഭമായ കാമ്പസ്, ഗാംഭീര്യമുള്ള ഗേറ്റ്, പ്രൗഢമായ സ്കൂൾ ഓഫീസ്, ആകയ്ക്കൊത്ത സ്റ്റാഫ് റൂം എന്നിവയുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. ഒരുങ്ങിക്കഴിയുമ്പോൾ സംസ്ഥാനത്തെതന്നെ രാജ്യാന്തര സ്കൂളായി സീതിസാഹിബ് മാറും.

വിവിധ കഴിവുകളുടെ സങ്കലനമാണ്കുട്ടികളെന്ന് നമ്മൾ പറഞ്ഞുനടന്നതുകൊണ്ടായില്ല. അവ യഥാസമയം കണ്ടെത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങളും, പരിശീലനവും നൽകി വളർത്തുകയും ചെയ്യുമ്പോഴാണ് നമ്മുടെ കർത്തവ്യം നിർവ്വഹിക്കപ്പെടുന്നത്. പ്രോമിസ് പദ്ധതിയിലെ പ്രധാന ഇനങ്ങളിൽ ഒന്നായ Skill Gradation ലൂടെ സ്കൂൾ ലക്ഷ്യമിട്ടതും അതാണ്. നേരത്തെ ഉണ്ടായിരുന്ന Sports wing നോടും, JRC യോടും ഒപ്പം പുതുതായി ആരംഭിച്ച സ്കൂൾ പോലീസ് കേഡറ്റ് (SPC) സ്കൗട്ട്സ്, ഗൈഡ്സ് തുടങ്ങിയവയും ചേർന്നപ്പോൾ നമ്മൾ വിചാരിച്ചിടത്തേക്ക് കാര്യങ്ങൾ നീങ്ങിത്തുടങ്ങിയിട്ടുണ്ട്. വിദ്യാർത്ഥികളുടെ സാഹിത്യവാസനകൾ കുറിച്ചിടുന്ന'തുടിപ്പ്' സ്കൂൾ മാഗസിനും ചെറുതല്ലാത്ത പങ്ക് വഹിക്കുന്നു.

മികച്ച വിദ്യഭ്യാസം (Quality Education) കുട്ടികളിൽ നിന്നും സ്വയം ഉണ്ടാകേണ്ട കഴിവല്ലെന്നും, സ്കൂൾ നൽകേണ്ട സേവനമാണെന്നും ഞങ്ങൾ മനസ്സിലാക്കുന്നു. നിരന്തര പരിശ്രമവും, നിശ്ചയദാർഢ്യവും ഒരുപാട് വിഭവങ്ങളുടെ കൂടിച്ചേരലും ഒരുമിച്ച് വേണ്ട പണിയാണിത്. ഇവിടെ വലിയ പരിപാടികൾ ഞങ്ങൾക്കുണ്ട്. ചിലതൊക്കെ നടപ്പിലായി. Gradation, Portion Audit, Acadamic Analysis, Area Parents meet, NMMS, NTSE സ്കോളർഷിപ്പ് പരീക്ഷകളുടെ പരിശീലനം, ഏകദിന ഗൃഹസന്ദർശനം, അധ്യാപകർക്കുള്ള ശാക്തീകരണപരിപാടികൾ, തണൽ, പോലുള്ളവ. ഇനി ഈ വഴിയിൽ പുതിയ വേർഷൻ (Version) തുടങ്ങാനാണ് സ്കൂൾ തീരുമാനം. നമ്മുടെ മക്കൾ സീതിസാഹിബിൽ എത്തുന്നത് എട്ടാംതരം തൊട്ടാണ്. അപ്പോഴേക്കും വിദ്യാർത്ഥികളിൽ ചില പരിമിതികൾ രൂപപ്പെട്ടുകഴിഞ്ഞിട്ടുണ്ടാകും. അതു മറികടക്കാൻ സമർത്ഥരായ കുട്ടികളെ നേരത്തെതന്നെ കണ്ടെത്തി അവരിൽ ലക്ഷ്യങ്ങൾ നിർണ്ണയിച്ച് അതിലേക്ക് നയിക്കുന്ന പദ്ധതിയാണ് പുതുതായി തുടങ്ങിയിരിക്കുന്നത്.

നോക്കിലും നടപ്പിലും ഇരുത്തം വന്ന ഈ ഭാഗ്യകലാലയം പുതിയ പുതിയ ഉയരങ്ങൾ വരച്ചിടുകയാണ്. പലതും വലിയ മോഹങ്ങളാണ്. പലപ്പോഴും ഞങ്ങളുടെ പരിമിതികൾ പോലും മറന്നുപോകുന്നു. പക്ഷെ നടക്കുമെന്ന വിശ്വാസം ഞങ്ങൾക്കുണ്ട് . ഈ നടന്നതൊന്നും ഒന്നും കൂടെ ഉണ്ടായിട്ടല്ല. മോഹം കലശമായപ്പോൾ ദൈവം കൊണ്ടുതന്നതാണ്. സ്കൂളിന്റെ വളർച്ചക്കുവേണ്ടി രാപ്പകൽ ചിന്തയിലാണ് ഞങ്ങൾ.
സമർത്ഥരായ അധ്യാപകരാണ് സ്കൂളിന്റെ കൈമുതൽ. ഭ്രാന്തമായ ഏത് ആവേശവും ലക്ഷ്യം നേടുകതന്നെ ചെയ്യും. നിങ്ങളും പ്രാർത്ഥിക്കുക; ദൈവമാണല്ലോ വലുത്.

സ്നേഹപൂർവ്വം...
സ്കൂൾ മാനേജർ



# Words from Chiefs

നല്ല വെളിച്ചമുള്ള വീടാണ് നല്ലവീട്. വെളിച്ചവും വർണ്ണവും വിതറുന്ന വിദ്യാലയമാണ് നല്ല വിദ്യാലയം. അവിടെ ശോഭനമായ ഭാവിയിലേക്ക് നീളുന്ന അനുകൂലതരംഗങ്ങളുണ്ടാവും. അവിടെ ജാഗ്രതയും ഉൻമേഷവും ബുദ്ധിയും സർഗ്ഗശേഷിയും ഒത്തുചേരുന്ന കുട്ടികളുണ്ടാവും അവർ അറിവിന്റെ കുറ്റ്യാലിനുള്ളിലൂടെ സൂര്യബിംബത്തിന്റെ തേജസ്സും ചന്ദ്രികയുടെ മൊഞ്ചും കാണും. കൂടുതൽ വെളിച്ചത്തിന് ചിന്തയും രൂപകൽപനയും നൽകണം. കൂടുതൽ പ്രതലവും വേണം. വെളിച്ചത്തെ ആസ്പദമാക്കി വിദ്യാലയ വാസ്തുവിദ്യ എന്ന ഒരു പഠനശാഖ തന്നെ രൂപപ്പെടട്ടെ. കുട്ടികളായ നിങ്ങളും അതിനെപ്പറ്റി ആലോചിക്കുക.

വെളിച്ചമേ നയിച്ചാലും!



എം.കാസിം
പ്രിൻസിപ്പാൾ



ഫസലുള്ള പി.വി
ഹെഡ്മാസ്റ്റർ

അക്കാദമികമായും ഭൗതികമായും സീതിസാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ വിജയത്തിലേക്കുള്ള പടവുകൾ കയറിക്കൊണ്ടിരിക്കുകയാണ്. കാഴ്ചപ്പാടുള്ള ഒരു മാനേജ്മെന്റും അവർക്ക് കൈത്താങ്ങാകുന്ന പി.ടി.എ. യും അർപ്പണ മനോഭാവമുള്ള അധ്യാപക സമൂഹവുമാണ് ഈ വിദ്യാലയത്തിന്റെ കരുത്തും പ്രതീക്ഷയും. 900ത്തോളം കുട്ടികളാണ് ഈ വർഷം എസ്.എസ്.എൽ.സി പരീക്ഷ എഴുതുന്നത്. ചരിത്ര വിജയമൊരുക്കുവാനുള്ള കഠിന പരിശ്രമത്തിലാണ് വിദ്യാലയം. ഒപ്പം എട്ട്, ഒൻപത് ക്ലാസ്സുകളിലെ കുട്ടികൾക്ക് വേണ്ടിയും പ്രത്യേക പദ്ധതികൾ നടപ്പി ലാക്കി വരുന്നു. കുട്ടികളുടെ സവിശേഷ ശേഷികളെ പരിപോഷിപ്പിക്കാൻ വേണ്ടിയുള്ള ഇത്തരം ഉദ്യമങ്ങൾക്ക് സർവ്വ മംഗളങ്ങളും നേരുന്നു.

സീതീസാഹിബ് ഹയർസെക്കണ്ടറി സ്കൂൾ അര നൂറ്റാണ്ട് പിന്നിടുകയാണ്. തുല്യതയില്ലാത്ത വിജയങ്ങൾ കൊയ്ത് മുന്നേറിയ ചരിത്രമാണ് നമ്മുടെ സ്കൂളിന് പറയുവാനുള്ളത്. കുട്ടികളുടെ സൃഷ്ടികൾ വെളിച്ചംകാണാനും അവരെ പ്രോത്സാഹിപ്പിക്കുവാനുമുള്ള അധ്യാപകരുടെയും മാനേജ്മെന്റിന്റെയും പരിശ്രമത്തിന് പി.ടി.എ യുടെ സർവ്വ ആശംസകളും നേരുന്നു.



സക്കീർ ഹുസൈൻ
പി.ടി.എ.പ്രസിഡ്

## ഉന്നത വിദ്യാഭ്യാസ മുന്നേറ്റം നടത്തുന്ന സീതീസാഹിബ് ഹയർ സെക്കണ്ടറി സ്കൂളിന് സർവ്വ ഭാവുകങ്ങളും നേരുന്നു.



കെ. മുസ്തഫഹാജി
ട്രസ്റ്റ് പ്രസിഡണ്ട്



മുസ്തഫ മൂക്കോല
ട്രസ്റ്റ് സെക്രട്ടറി



പി.പി. മുഹമ്മദ്നിസാർ
ചെയർമാൻ



കെ. മുഹമ്മദ് ബഷീർ
കൺവീനർ



കെ. മുഹമ്മദ്കുട്ടിഹാജി
റോയൽ സ്കൂൾ മാനേജർ



മുസ്തഫ കെ. സി.
മെമ്പർ



ഹാഷിം. ടി
ഡെ. ഹെഡ്മാസ്റ്റർ

വായിക്കാനും സ്വന്തം ചിന്തകളും സ്വപ്നങ്ങളും ആവിഷ്കരിക്കാനുള്ള ഒരവസരമായി നമ്മുടെ കുട്ടികൾ ഈ മാഗസീനിനെ മാറ്റട്ടെ എന്ന് ഞാൻ ആഗ്രഹിക്കുന്നു. തുടിപ്പിന് എല്ലാ വിധ ഭാവുകങ്ങളും നേരുന്നു.

വിദ്യാലയങ്ങളിൽ നാടിന്റെ നന്മകൾ പിറന്ന് വീഴുന്നു. നാലു ചുവരുകൾക്കുള്ളിൽ അന്നു കണ്ട മുഖങ്ങളിൽ ചിലത് നാടിന്റെ മുഖങ്ങളായി തീരുന്നു. ഇവിടെ സംഭവിച്ച ഓരോ സാംസ്കാരിക പ്രവർത്തനവും സമൂഹത്തിന്റേതായി മാറുന്നു. ഇനിയും ഈ മഹത്തായ സ്ഥാപനത്തിന്റെ ഓരോ സ്പന്ദനവും നാടിന്റേയും സമൂഹത്തിന്റെയും നല്ല തുടിപ്പുകളായി മാറട്ടെ...



അമാനത്ത്.വി.കെ
സ്റ്റാഫ് സെക്രട്ടറി



നവാസ് മന്നൻ

# സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ
# കനൽ വഴികൾ താണ്ടി കനക കിരീടത്തിലേക്ക്

ഏതൊരു പ്രസ്ഥാനത്തിന്റെയും മാറ്റുരച്ച് നോക്കേണ്ടത് കാലമാകുന്ന ഉരകല്ലിന്മേലാണ്. അതത് കാലഘട്ടത്തിലെ സാമൂഹിക-സാംസ്കാരിക, സാമ്പത്തിക ചുറ്റുപാടിൽ പ്രസ്ഥാനം എത്രമാത്രം തിളങ്ങിനിൽക്കുന്നുവോ, അതനുസരിച്ചാണ് അതിന്റെ ഗുണമേന്മ വിലയിരുത്തപ്പെടുന്നത്. ഇപ്രകാരമുള്ള ഒരു വിലയിരുത്തലിലാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ കൂടുതൽ പ്രശസ്തമാവുന്നതും, പ്രസക്തമാവുന്നതും.

പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾ അടച്ചുപൂട്ടലിന്റെ വക്കത്തെത്തി നിൽക്കുകയും ആയിരക്കണക്കിന് അധ്യാപകർ തൊഴിൽ രഹിതരായി മാറ്റപ്പെടുകയും ചെയ്യപ്പെടുന്ന ഈ സമകാലിക അവസ്ഥയിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരുത്തമമാതൃകയാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ. കേവലം റിസൽട്ടിന്റെ വലിപ്പത്തിലല്ല, ഗുണനിലവാരത്തിന്റെ തിളക്കത്തിലും ഈ സ്ഥാപനം ഇന്ന് ബഹുദൂരം മുന്നിലാണ്.

മഹാനായ കെ.എം സീതിസാഹിബിന്റെ നാമധേയത്തിൽ തളിപ്പറമ്പ് നഗരത്തിന്റെ തിരുനടയിൽ വിരാജിക്കുന്ന ഈ വിദ്യാഭ്യാസ സ്ഥാപനം 1968 ജൂൺ മൂന്നാം തീയ്യതി അന്നത്തെ വിദ്യാഭ്യാസമന്ത്രിയായ സി എച്ച് മുഹമ്മദ്കോയാ സാഹിബിന്റെ കൈകളാലാണ് നാട്ടുകാർക്കുവേണ്ടി തുറന്നുകൊടുക്കപ്പെട്ടത്. അവിടെനിന്നുമിങ്ങോട്ട് തളിപ്പറമ്പ് പ്രദേശം നവോത്ഥാനത്തിന്റെ പാതയിൽ ആയിരുന്നു. തളർച്ചയുടേയും വളർച്ചയുടേയും നിരവധിപടവുകൾ മാറിമാറിചവിട്ടി ഇന്ന് ഒരു സുസ്ഥിരമുന്നേറ്റത്തിന്റെ വഴിയിലാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ.

തളിപ്പറമ്പ് നിവാസികളുടെ സ്വകാര്യ അഹങ്കാരമായിമാറിയ ഈ സരസ്വതീ ക്ഷേത്രം പിറവിയെടുക്കുന്നതിൽ മൺമറഞ്ഞ നിരവധി മഹാന്മാരുടെ കഴിവും കരുത്തും ഇഴചേർന്ന് കിടപ്പുണ്ട്. പിന്നീട് ഈ സ്ഥാപനം അതിന്റെ ലക്ഷ്യത്തിൽ നിന്നും അകന്ന് മാറി സഞ്ചരിച്ച് ആശങ്കയുടെ ഇരുട്ടിലേക്ക് നീങ്ങിയപ്പോൾ അവിടെനിന്നും വെളിച്ചം പകർന്ന് പുരോഗതിയുടെ ഉഷസ്സിലേക്ക് നയിക്കാൻ ശ്രമിച്ചവരും നിരവധിയാണ്.

കർമ്മവീഥിയിൽ ഈ സ്ഥാപനം ഇരുപത് ആണ്ടുകൾ പിന്നിട്ട് 1989-ൽ എത്തിയപ്പോൾ, സംസ്ഥാനത്തെ ഹൈസ്കൂളുകളിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന 250 വിദ്യാലയങ്ങളുടെ ഏറ്റവും പിൻനിരയിലായിരുന്നു സീതിസാഹിബ് സ്കൂളിന്റെ സ്ഥാനം. ആ അഗാധഗർത്തത്തിൽ നിന്നുമാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ സടകുടഞ്ഞെഴുന്നേൽക്കുന്നത്. പിന്നീടുണ്ടായ പ്രൗഢമായ പ്രവർത്തനങ്ങൾ പ്രകടമായ മാറ്റത്തിന്റെ രേഖപ്പെടുത്തലുകളായി മാറി.

1997 ൽ ഈ സ്ഥാപനം എസ് എസ് എൽ സി പരീക്ഷയിൽ പത്താം റാങ്കിന്റെ മധുരം നുണഞ്ഞു. പരാജയകാണ്ഡത്തിൽ നിന്നും വിജയപർവ്വത്തിലേക്കുള്ള കുതിപ്പിന്റെ രാസത്വരകമായി മാറുകയായിരുന്നു ഈ റാങ്കുനേട്ടം. പിന്നീടങ്ങോട്ട് എസ് എസ് എൽ സി റിസൽട്ടിന്റെ തോതിൽ പടിപടിയായ ഉയർച്ചയാണ് സീതിസാഹിബിനുണ്ടായിരുന്നത്. കൽകണ്ടം കഴിക്കുമ്പോൾ തേൻ നുകരുന്നതുപോലെ 2000-മാണ്ടിൽ സീതിസാഹിബ് ഹൈസ്കൂൾ ഹയർസെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു.

അൻപത് പതിറ്റാണ്ടു പൂർത്തിയാക്കാനൊരുങ്ങുന്ന ഈ സാമൂഹിക സ്ഥാപനം ഇന്ന് സംസ്ഥാനത്തിലെ ഏറ്റവും മികച്ച ഹയർസെക്കന്ററി സ്കൂളുകളിലൊന്നാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളെ പരീക്ഷക്കിരുത്തുകയും ഏറ്റവും മികച്ച റിസൽട്ടുണ്ടാക്കുകയും ചെയ്യുന്ന വിദ്യാലയമാണിന്ന് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ.

അക്കാദമികവിജയം മാത്രമല്ല പാഠ്യപാഠ്യേതര വിഷയങ്ങളിലും സീതിസാഹിബ് മുന്നിലാണെന്ന് ശാസ്ത്ര-സാമൂഹ്യശാസ്ത്ര, ഗണിതശാസ്ത്ര, പ്രവർത്തിപരിചയ കലാകായികമേളകൾ സാക്ഷ്യപ്പെടുത്തുന്നു.

ഇനിയുമിനിയും ഉയർച്ചയുടെ കൊടുമുടികൾ തന്നെയാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ ലക്ഷ്യമിടുന്നത്. പി.കെ. സുബൈർ സാഹിബിന്റെ നേതൃത്വത്തിലുള്ള മാനേജ്മെന്റ് പ്രതിനിധികളും കർമ്മോത്സുകരായ അധ്യാപകരും അതിനുവേണ്ടിയുള്ള നിരന്തരപ്രയത്നത്തിലാണ്. അവിടെ ഈ സ്ഥാപനം വിജയക്കൊടി നാട്ടും എന്നതിൽ ഞങ്ങൾക്ക് സംശയമില്ല.

## അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്



സീതീസാഹിബ് ഹയർ സെക്കണ്ടറി സ്കൂളിൽ പണി പൂർത്തിയായിക്കൊണ്ടിരിക്കുന്ന അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്. കെട്ടിട നിർമ്മാണ വിദഗ്ധർ രൂപകൽപ്പനചെയ്ത മനോഹരമായ ഈ കെട്ടിടത്തിൽ സ്കൂൾ ഓഫീസ്, ഇൻഡോർ ഓഡിറ്റോറിയം, സ്റ്റുഡൻസ് കൗൺസിലിംഗ് ക്ലിനിക്ക്, മാനേജ്മെന്റ് ഓഫീസ് എന്നിവയാണ് പ്രവർത്തിക്കുക.


## ധാന കവാടം



വേനലവധിക്കാലത്ത് നിർമ്മാണം ആരംഭിക്കുന്ന കെട്ടിട സമുച്ചയത്തിന്റെയും പ്രധാന കവാടത്തിന്റെയും മാതൃക

## സ്കൂൾ കാമ്പസ്






പണി നടന്നുകൊണ്ടിരിക്കുന്ന സ്കൂൾ കാമ്പസും, പൂന്തോപ്പും, പച്ചപ്പും, പഴത്തോട്ടവും, ഇന്റർലോക്കും അടങ്ങുന്ന സ്കൂൾ പരിസരം വിദ്യാലയത്തിന്റെ മുഖച്ഛായതന്നെ മാറ്റാൻ പര്യാപ്തമാണ്.

## സ്കൂൾ സ്റ്റേഡിയം





സീതീസാഹിബ് സ്പോർട്സ് ക്ലബ്ബ് തളിപ്പറമ്പ ഫുട്ബോൾ മേളയുടെ സഹകരണത്തോടെ നിർമ്മാണം പുരോഗമിക്കുന്ന സ്കൂൾ സ്റ്റേഡിയം



സ്കൂളിൽ സജ്ജീകരിച്ച സ്മാർട് തിയേറ്റർ കം കോൺഫറൻസ് ഹാളിന്റെ ഉദ്ഘാടനം കെ.എം ഷാജി എം.എൽ.എ നിർവ്വഹിച്ചപ്പോൾ

## Edulink ശ്രദ്ധേയമാകുന്നു

വിവര സാങ്കേതികവിദ്യയുടെ വളർച്ചയ്ക്കൊപ്പം ചുവടുവെക്കാൻ അധ്യാപകരെയും, വിദ്യാർത്ഥികളെയും പ്രാപ്തരാക്കുന്ന നവീന Education app ശ്രദ്ധേയമാകുന്നു.


നമ്മുടെ വിദ്യാലയത്തിലെ അധ്യാപകൻ ശംസുദ്ധീൻ ഇഞ്ചിക്കാലകത്ത് നിർമ്മിച്ച മൊബൈൽ അപ്ലിക്കേഷൻ Edulink എന്ന പേരിൽ Google Play Store ൽ ലഭ്യമാണ്.

വിദ്യാഭ്യാസ രംഗത്തെ വിവിധ വെബ്സൈറ്റുകൾ വിദ്യാഭ്യാസ വാർത്തകൾ, സർക്കാർ ഉത്തരവുകൾ, വിദ്യാഭ്യാസ സംബന്ധമായ വിവിധതരം ബ്ലോഗുകൾ, യൂട്യൂബ് ചാനൽ തുടങ്ങിയ ഒട്ടേറെ സേവനങ്ങൾ എല്ലാം കൂടി ഒരു കുടക്കീഴിൽ എന്ന പോലെ ലഭ്യമാക്കിയിരിക്കുകയാണദ്ദേഹം.

തളിപ്പറമ്പ ഗോൾഡൻ ഡ്രീംസ് ജേസീസ് 'സുരക്ഷ' പരിപാടിയുടെ ഭാഗമായി നാപ്കിൻ ബേർണിംഗ് മെഷീൻ വിതരണം ജേസീസ് നാഷണൽ പ്രസിഡണ്ട് രാജശ്രീ ബാജെ നിർവ്വഹിക്കുന്നു.



# ഹൈടെക് ക്ലാസ് മുറികൾ




സംസ്ഥാന സർക്കാറിന്റെ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായി സീതീസാഹിബ് ഹയർ സെക്കണ്ടറി സ്കൂളിലെ 70 ക്ലാസ് മുറികൾ ഹൈടെക് ആകും. തളിപ്പറമ്പ നിയോജക മണ്ഡലം എം.എൽ.എ ശ്രീ. ജെയിംസ് മാത്യുവിന്റെ സമഗ്ര വിദ്യാഭ്യാസ പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് സ്കൂളിന് ഹൈടെക് ക്ലാസ് മുറികൾ അനുവദിച്ചത്.

അടുത്ത അദ്ധ്യയന വർഷം മുതൽ എല്ലാ ക്ലാസുകളിലും ലാപ്ടോപ്പ്, പ്രൊജക്ടർ, സ്ക്രീൻ തുടങ്ങിയ എല്ലാ ആധുനിക സാങ്കേതിക സാമഗ്രികളും ഒരുക്കിയാണ് നമ്മുടെ വിദ്യാലയം കുട്ടികളെ വരവേൽക്കുന്നത്. കേരളത്തിലെ ആദ്യ അന്താരാഷ്ട്ര എയ്ഡഡ് വിദ്യാലയമായി മാറാൻ തയ്യാറെടുക്കുന്ന നമ്മുടെ സ്കൂളിന് സർക്കാരും എം.എൽ.എയും നൽകിയപിന്തുണ അമൂല്യമാണ്.

പ്ലസ്ടു ബ്ലോക്കിൽ മാനേജ്മെന്റും സ്കൂൾ പി.ടി.എ കമ്മിറ്റിയും ചേർന്ന് നിർമ്മിച്ച ഗേൾസ് കൺഫേർട്ടിങ് സോൺ.

## ഗേൾസ് കൺഫേർട്ടിങ് സോൺ







# അധ്യാപക ശാക്തീകരണ പരിശീലനം

'വിദ്യാഭ്യാസത്തിലൂടെ സാമൂഹിക ശാക്തീകരണം' എന്ന ലക്ഷ്യത്തോടെ കേരളത്തിൽ പ്രവർത്തിക്കുന്ന എഡ്യു ട്രൈനേർസ് എന്ന സംരംഭവുമായി കൈകോർത്ത് സീതീസാഹിബ് ഹയർ സെക്കണ്ടറി സ്കൂളിൽ നടത്തിയ അധ്യാപക ശാക്തീകരണ പരിശീലനം ശ്രദ്ധേയമായി. കണ്ണൂർ ജില്ലാ കലക്ടർ ശ്രീ. മീർ മുഹമ്മദ് ഐ.എ.എസ് ഉദ്ഘാടനം ചെയ്തു. കേന്ദ്ര- ബാലസാഹിത്യ അക്കാദമി അവാർഡ് ജേതാവും, പ്രസിദ്ധ അധ്യാപക പരിശീലകനുമായ ഡോ. എൻ.പി ഹാഫിസ് മുഹമ്മദ് ക്ലാസെടുത്തു. എഡ്യുട്രെയിനേഴ്സ് ഡയറക്ടർ സി.എം. ഷംസുദ്ദീൻ, മാനേജിംഗ് ഡയറക്ടർ ഡോ: എം.എച്ച് ഹാഷിം രിഫായി, മാനേജർ പി.കെ. സുബൈർ, പ്രിൻസിപ്പാൾ എം.കാസിം, ഹെഡ്മാസ്റ്റർ പി.വി. ഫസലുള്ള തുടങ്ങിയവർ സംസാരിച്ചു.



# പൂർവ്വ വിദ്യാർത്ഥികളായ അധ്യാപകർ

ഒരു സ്കൂളിലെ നല്ലൊരു ശതമാനം അധ്യാപകർ അവിടുത്തെ പൂർവ്വ വിദ്യാർത്ഥികളാണ് എന്നത് ആ വിദ്യാലയത്തിന്റെ വിശ്വാസ്യതയും, ഗുണനിലവാരവും വരച്ചുകാട്ടുന്നതാണ്. ഇങ്ങനെയുള്ള ഒരു അപൂർവ്വഗുണം കൂടി സീതിസാഹിബിന് അവകാശപ്പെട്ടതാണ്. വിദ്യാലയത്തിന്റെ 110 ഓളം അധ്യാപകരിൽ 41 പേർ വിവിധ കാലഘട്ടങ്ങളിൽ ഈ വിദ്യാലയത്തിലെ പൂർവ്വവിദ്യാർത്ഥികളായിരുന്നു. കേരളത്തിലെ മറ്റ് വിദ്യാലയങ്ങളിൽ നിന്ന് സീതി സാഹിബിന് മാത്രം അവകാശപ്പെട്ട സവിശേഷതയാണിത്.

സ്കൂളിൽ നിന്നും വിരമിച്ച ഇന്ദിരടീച്ചർക്ക് നൽകിയ യാത്രയയപ്പ്.



# ജനുവരി 26 ഗൃഹസന്ദർശന ദിനം

നമ്മുടെ വിദ്യാർത്ഥികളുടെ ജീവിത നിലവാരം തൊട്ടറിയുന്നതിനും പഠന പ്രവൃത്തനങ്ങൾ നേരിട്ട് കാണുന്നതിനും ഈ വർഷം പുതുതായി തുടക്കമിട്ട പരിപാടിയാണ് ഗൃഹസന്ദർശന ദിനം. സീതീസാഹിബിലെ അധ്യാപകർ തങ്ങളുടെ ക്ലാസുകളിലെ കുട്ടികളുടെ വീട് നേരിട്ട് സന്ദർശിക്കുന്നത് നേരത്തെതന്നെ പതിവുള്ളതാണ്. അതിനുപരിയായി പ്രത്യേക ഒരുദിവസം കണ്ട് എല്ലാവരും കൂട്ടമായി വീട് സന്ദർശിക്കുകയെന്ന രീതി ഈ വർഷം മുതൽ ആരംഭിച്ചത്. വലിയ ഫലമാണ് ഈ പരിപാടിയിലൂടെ സ്കൂൾ നേടിയെടുത്തത്.

സ്നേഹമായിരുന്നു അവരുടെ മുഖം നിറയെ - എന്നാൽ സ്വന്തം പരിഭവങ്ങളും ഇല്ലായ്മകളും പ്രിയപ്പെട്ട അധ്യാപകർ അറിഞ്ഞതിന്റെ ഒരു വല്ലായ്മ നിഴലിക്കുന്നുണ്ടായിരുന്നു ആ കണ്ണുകളിൽ. പഠന പ്രവർത്തനങ്ങളുടെ ചർച്ചയ്ക്കൊപ്പം രക്ഷിതാക്കൾക്ക് നമ്മുടെ വിദ്യാലയത്തോടുള്ള ആത്മബന്ധം പ്രകടമാക്കുന്ന ചില അനുഭവങ്ങളും ഞങ്ങൾക്കുണ്ടായി. ഏറെയും ശരാശരിക്ക് താഴെയുള്ള വീടുകൾ ആയത് കൊണ്ട് വ്യത്യസ്തമായ കാഴ്ചകൾ ആയിരുന്നു ഓരോയിടത്തും. പട്ടിണി, രോഗം, അനാഥത്വം, കുടുംബവഴക്ക്, ഒറ്റപ്പെടൽ..... ഇങ്ങനെ പലതും.

അതിലൊന്ന് വൃദ്ധനും രോഗിയുമായ ഒരു ഉപ്പൂപ്പ അദ്ദേഹത്തിന്റെ പ്രതാപകാലത്തെ കുറിച്ച് സംസാരിച്ച് അവസാനം ഇന്നത്തെ അവസ്ഥയിൽ പരിതപിച്ച് പൊട്ടിക്കരഞ്ഞുപോയി എന്നതാണ്. കഴിഞ്ഞ പെരുന്നാളിനെ ഏറെ സന്തോഷമാക്കിയത് സ്കൂൾ നല്കിയ ഭക്ഷണ കിറ്റാണന്നറിഞ്ഞപ്പോൾ വിദ്യാഭ്യാസ പ്രവർത്തനം എന്നത് ഏറ്റവും വലിയ മാനുഷിക പ്രവർത്തനം കൂടിയാകണമെന്ന തിരിച്ചറിവ് ഒന്നുകൂടി ഉറച്ചു. അദ്ദേഹം പറഞ്ഞ അവസാന വാക്ക് സീതി ഞങ്ങൾക്ക് ഒരു സ്കൂളല്ല ഞങ്ങളുടെ ദു:ഖങ്ങളും പ്രയാസങ്ങളും കേൾക്കാൻ ആളുകളുള്ള ഒരു ബന്ധുവീടാണ്........

---

പ്രസവത്തോടെ മരിച്ചിട്ട് ഇന്നേക്ക് അൻപത്തൊന്ന് ദിനം, നൊന്ത് പ്രസവിച്ച മാതാവില്ലാത്തതറിയാതെ ഒരു കൈയിൽ കുപ്പി പാലും പിടിച്ച് തൊട്ടിലിൽ കിടന്ന് കളിച്ചും കരഞ്ഞും ഒന്നുമറിയാത്ത ആ പിഞ്ചോമന... പുറത്ത് തത്തയെ കളിപ്പിക്കുന്ന മൂന്നര വയസ്സുള്ള കുഞ്ഞിത്താത്ത. ആ പൊന്ന് മോളുടെ മുഖത്ത് ഉമ്മയില്ലാത്തതിന്റെ വേദന കാണാം... പത്താം തരം എയിലെ ഫാസിലിന്(നരിക്കോട്) മൂത്ത പെങ്ങൾ വിട്ട് പോയതിൽ തീർന്നില്ല വേദന. മറ്റൊരു പെങ്ങൾ സ്വന്തം പേര് പോലും അറിയാത്ത മനോവൈകല്യമുള്ള പന്ത്രണ്ട് വയസ്സ് പ്രായമുള്ള കുഞ്ഞിപെങ്ങൾ... ഞങ്ങൾ എങ്ങിനെ ആശ്വസിപ്പിക്കും എന്ത് പറഞ്ഞിറങ്ങും... മനസ്സ് വിങ്ങിപ്പോയി... ഇത് മൂവായിരത്തോളം വരുന്ന കുട്ടികളിൽ ഒന്ന് മാത്രം...

# തണൽ

**സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെ സഹായിക്കാൻ വേണ്ടി സ്കൂൾ ഏർപ്പെടുത്തിയ സംരംഭം**

ഹാഷിം പി.എം
(കൺവീനർ)

മനസ്സുകളിലേക്ക് മത്സരബോധത്തിന്റെ തീക്ഷ്ണമായ വെയിൽ മാത്രം പടർന്നിറങ്ങി, കനിവ് വറ്റുന്ന വർത്തമാന കാലത്ത് പരസ്പര സ്നേഹത്തിന്റെയും കരുണയുടേയും സഹാനുഭൂതിയുടേയും തണലിടങ്ങളിലേക്ക് യാത്രപോകാൻ വിദ്യാർത്ഥികളെ പരിശീലിപ്പിക്കുകയാണ് തണൽ എന്ന പദ്ധതിയുടെ ലക്ഷ്യം.

സഹജീവികൾക്ക് സാന്ത്വനമേകുകയും വിധിക്ക് മുന്നിൽ കാലിടറി വീണുപോകുന്നവർക്ക് കൈത്താങ്ങ് ആവുകയും ചെയ്യുക എന്നത് ബാധ്യതയല്ലെന്നും സാധ്യതയും, സന്തോഷവുമാണെന്നും നമ്മുടെ ഇളംതലമുറ പഠിക്കേിയിരിക്കുന്നു. അവർക്ക് നേരേ നീളുന്ന സൗഹൃദത്തിന്റെ ഒരു ഹസ്തദാനത്തിന് ഏറ്റവും ആഴമുള്ള പുണ്യത്തേക്കാൾ വിലയുണ്ട് . ഈ തിരിച്ചറിവിന്റെ പാഠമാണ് തണലിന്റെ പ്രവർത്തനം. തണൽ ഒരു നിർബന്ധിത സേവനമല്ല. തണൽ ഫണ്ടിലേക്ക് എന്ന് പറഞ്ഞ് വീട്ടിൽ നിന്ന് കാശ് വാങ്ങരുത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കുട്ടികൾക്ക് പോക്കറ്റ് മണിയായി ലഭിക്കുന്ന കാശാണ് തണലിന്റെ പ്രവർത്തനമൂലധനം. അവരുടെ അത്യാവശ്യ കാര്യങ്ങൾക്കല്ലാതെ വെറുതെ ചെലവഴിക്കുന്ന തുകയാണ് തണലിലേക്ക് പ്രവഹിക്കേണ്ടത്. സ്വയം കണ്ടെത്തുന്ന ആ തുകയോളം ആത്മാർത്ഥവും സ്നേഹപൂർണ്ണവുമായി മറ്റൊന്നും ഉണ്ടാവുകയില്ല.

രൂപീകൃതമായി, ചുരുങ്ങിയ കാലയളവിനുള്ളിൽ തന്നെ പല വിധത്തിൽ തണലിന്റെ സൗഹൃദ സ്പർശം വിദ്യാർത്ഥികൾക്കിടയിൽ അനുഭവപ്പെട്ടു. പുസ്തകങ്ങളായി , വസ്ത്രങ്ങളായി , ഭക്ഷണ കിറ്റായി, രോഗികൾക്ക് ചികിത്സയായി ... ഇങ്ങനെ തണലിന്റെ സ്നേഹാർദ്രമായ നോട്ടം പലയിടങ്ങളിലേക്ക് എത്തിച്ചേർന്നു. ഗൃഹ സന്ദർശനപരിപാടിയിലൂടെയാണ് ഏറ്റവും അർഹരായ വിദ്യാർത്ഥികളെ തണൽ കണ്ടെത്തുന്നത്. ഹൃദയസ്പർശിയായ ഒട്ടേറെ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അസുഖബാധിതനായ ഒരു കൊച്ചുമിടുക്കന്റെ ചികിത്സയ്ക്ക് വലിയ തുക കയ്യിലേൽപ്പിക്കാൻ കഴിഞ്ഞപ്പോൾ തണൽ അനുഭവിച്ച കൃതാർത്ഥത വലുതാണ്.

# പ്രാദേശിക രക്ഷാകർതൃ സംഗമം

പൂവ്വത്ത് വെച്ച് നടന്ന ഏരിയാ പാരന്റ്സ് മീറ്റ് മാനേജർ പി.കെ.സുബൈർ ഉദ്ഘാടനം ചെയ്യുന്നു.





സ്കൂളിൽ നടപ്പാക്കിയ പ്രോമിസ് പദ്ധതിയുടെ ഭാഗമായി ആരംഭിച്ചതാണ് പ്രാദേശിക രക്ഷാകർതൃ സംഗമം. സീതീസാഹിബിൽ പഠിക്കുന്ന മുഴുവൻ വിദ്യാർത്ഥികളുടെയും രക്ഷിതാക്കൾക്ക് വിവിധ വിഷയങ്ങളിൽ ഫലപ്രദമായ അവബോധം സൃഷ്ടിക്കുയെന്ന ലക്ഷ്യത്തോടെ തുടക്കമിട്ട പരിപാടി ഇതിനകം 32 പ്രദേശങ്ങളിൽ നടന്നുകഴിഞ്ഞു. ഏകദേശം 6000രക്ഷിതാക്കൾ ക്ലാസിൽ പങ്കെടുത്തു. രാത്രി ഏഴ് മണിക്ക് തുടങ്ങി പത്ത് മണിയോടുകൂടി അവസാനിക്കുന്ന ക്ലാസ്സ് കൈകാര്യം ചെയ്യുന്നത് സ്കൂളിൽ തന്നെയുള്ള അധ്യാപകരാണ്.

# എട്ടാം ക്ലാസിനുള്ള സ്പെഷ്യൽ കോച്ചിംഗ്



# നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് പരിശീലനം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പഠനത്തിൽ മിടുക്കരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്നതിനും അവരുടെ വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിനും വേണ്ടി 2008ൽ കേന്ദ്ര ഗവൺമെന്റ് ഏർപ്പെടുത്തിയ പദ്ധതിയാണ് നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് സ്കീം (NMMS). എട്ടാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുവേണ്ടിയാണ് സ്കോളർഷിപ്പ്.

**തുടർച്ചയായ 3-ാം വർഷവും കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ NMMSന് അർഹരാക്കിയ സ്ഥാപനം.**

തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാർത്ഥികൾക്ക് മാസം 500 വീതം വർഷത്തിൽ 6000 രൂപ 8 മുതൽ 12 വരെ ക്ലാസ്സുകളിൽ 4 വർഷവും ലഭിക്കുന്നതാണ്. ഓരോ സംസ്ഥാനത്തിനും കുട്ടികളുടെ പ്രത്യേകം ക്വാട്ട നിശ്ചയിച്ചിട്ടുണ്ട്. കേരളത്തിൽ മൊത്തം 3000 വിദ്യാർത്ഥികൾക്കു മാത്രമാണ് അവസരം. സംസ്ഥാനഗവൺമെന്റ് നടത്തുന്ന പരീക്ഷ (NMMS EXAMINATION) വഴിയാണ് കുട്ടികളെ തെരഞ്ഞെടുക്കുന്നത്. കുടുംബവാർഷിക വരുമാനം ഒരു ലക്ഷത്തി അമ്പതിനായിരം കവിയാത്ത രക്ഷിതാക്കളുടെ മക്കൾക്കാണ് പരീക്ഷക്ക് അപേക്ഷിക്കുവാനുള്ള അർഹത. സ്കോളർഷിപ്പ് തുക സ്റ്റേറ്റ് ബേങ്ക് വഴി മൂന്ന് മാസം കൂടുമ്പോൾ കുട്ടികളുടെ എക്കൗണ്ടിലേക്ക് നേരിട്ട് എത്തുകയാണ് ചെയ്യുക.

രാജ്യത്തെ ഏറ്റവും ഉന്നതമായ സ്കോളർഷിപ്പ് പരീക്ഷകളിലൊന്നായ NMMSന് പ്രത്യേക പരിശീലനമാണ് നമ്മുടെ സ്ഥാപനത്തിൽ നൽകിവരുന്നത്. അതിനുവേണ്ടി എട്ടാംതരം വിദ്യാർത്ഥികളെ അധ്യയനവർഷത്തിന്റെ തുടക്കത്തിൽ ടെസ്റ്റ്‌വഴി തെരഞ്ഞെടുക്കുന്നു. തുടർന്ന് നമ്മുടെതന്നെ അധ്യാപകർ ക്ലാസ്സുകൾ നൽകുന്നു. വി.ജാഫർ മാഷാണ് അതിമിടുക്കരായ വിദ്യാർത്ഥികൾക്കു മാത്രം വിജയിക്കുവാൻ കഴിയുന്ന പരീക്ഷക്ക് വേണ്ടി കുട്ടികളെ ഒരുക്കുന്നത്. കഴിഞ്ഞ മൂന്ന് വർഷമായി കണ്ണൂർ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ NMMS പരീക്ഷക്ക് വിജയിപ്പിക്കുന്ന സ്ഥാപനമാണ് സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ.

## നാഷണൽ ടാലന്റ് സെർച്ച് പരീക്ഷ (NTSE) പരിശീലനം

രാജ്യത്തെ ഏറ്റവും ഉന്നതമായ കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പ്രോഗ്രാമാണ് നാഷണൽ ടാലന്റ് സെർച്ച് പരീക്ഷ(NTSE). ബുദ്ധിപരമായും പഠനപരമായും വലിയ കഴിവുകളുള്ള മികച്ച വിദ്യാർത്ഥികളെ കണ്ടെത്തി അംഗീകരിക്കുക എന്നുള്ളതാണ് സ്കോളർഷിപ്പിന്റെ ഉദ്ദേശം. എല്ലാ വർഷവും അഞ്ച് ലക്ഷത്തോളം വിദ്യാർത്ഥികൾ എഴുതുന്ന സ്കോളർഷിപ്പ് പരീക്ഷയാണിത്. എന്നാൽ പരീക്ഷയിൽ ഏറ്റവും ഉയർന്ന പോയിന്റുകൾ ലഭിക്കുന്ന രാജ്യത്തെ ആയിരംകുട്ടികൾക്ക് മാത്രമാണ് സ്കോളർഷിപ്പ് ലഭിക്കുക. പത്താംതരത്തിലെ കുട്ടികൾക്കാണ് പരീക്ഷ എഴുതുവാനുള്ള അർഹത. രാജ്യത്തെ ഏറ്റവും ശ്രമകരമായ പരീക്ഷയാണിത്. ഇത് രണ്ടാം സിവിൽസർവ്വീസ് പരീക്ഷ എന്നറിയപ്പെടുന്നു. സീതീസാഹിബ് ഹയർ സെക്കണ്ടറിസ്കൂൾ NTSE പരിശീലനം നൽകുന്നുണ്ട്. മിടുക്കരായ നാൽപത് കുട്ടികളാണ് ബാച്ചിലുള്ളത്. കേരളത്തിൽ സീതീസാഹിബ് ഉൾപ്പെടെ അപൂർവ്വം വിദ്യാലയങ്ങൾമാത്രമാണ് എൻ.ടി.എസ്.ഇ പരിശീലനം നൽകുന്നത്.

## സീതീസാഹിബിൽ നിന്നും ഈ വർഷം നാഷണൽ മീൻസ് മെറിറ്റ് സ്കോളർഷിപ്പ്പരീക്ഷാ വിജയികൾ



MUHAMMED K.P | ANAMIKA M.T | MUBASIRA T.K | THAISIRA ALI | RIFA BACKAR | DIYA T | ASHIDA P.M | RUKSANA A.V



FATHIMA BASHEER K | AYISHABI P.A | FATHIMABI CP | FATHIMA BADIRA P.A | AFEEFA K.P | SREELAKSHMI UP

സംസ്കൃതം സ്കോളർഷിപ്പ് നേടിയ



രജിമ.കെ | അഞ്ചിത.കെ

# സീതീസാഹിബ് ഒരുക്കുന്നു ഉന്നത വിദ്യാഭ്യാസത്തിനുള്ള പരിശീലനം

# PROMISE TALENT SEARCH



a path to cutting edge

പ്രിയ രക്ഷിതാവെ,

നമ്മുടെ കുട്ടികൾ
സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂളിൽ എത്തുന്നത്
എട്ടാം തരം മുതലാണ്. അപ്പോഴേക്കും വിദ്യാർത്ഥികളിൽ,
അവർ എത്ര മിടുക്കരാണെങ്കിലും അതുവരെ കിട്ടിയ വിദ്യാഭ്യാസം
ശരിയായ രീതിയിലല്ലെങ്കിൽ,ചില പരിമിതികൾ രൂപപ്പെട്ടിരിക്കുന്നു.
കഴിഞ്ഞ 50 വർഷമായി പ്രവർത്തിക്കുന്ന ഞങ്ങളുടെ അനുഭവം അത്
സാക്ഷ്യപ്പെടുത്തുന്നു. ഹൈസ്കൂളിൽ എത്തുന്നതിനുമുമ്പെ
സമർത്ഥരും മിടുക്കരുമായ വിദ്യാർത്ഥികളെ കണ്ടെത്തി
അവർക്ക് ചെറുപ്പം മുതൽ ഉന്നത വിദ്യാഭ്യാസത്തിനുള്ള പരിശിലനം
നൽകുക എന്നതാണ് പരിമിതികൾ ഇല്ലാതാക്കുവാനുള്ള വഴി.
അത്കൊണ്ട് സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ
അത്തരം ഒരു നീക്കത്തിന് തുടക്കം കുറിക്കുകയാണ്.
2013ൽ നമ്മുടെ സ്കൂളിലെ വിദ്യാർത്ഥികൾക്ക് വേണ്ടി ആരംഭിച്ച
PROMISE (Programme for Multi-Skill Improvement and Systematic Education)
പദ്ധതിയുടെ രണ്ടാംഘട്ടമായാണ്
സ്കൂളിന് പുറത്തുള്ള 5, 6, 7 ക്ലാസിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക്
ഉന്നത വിദ്യാഭ്യാസത്തിനുള്ള പരിശീലനം എന്ന ആശയം
നടപ്പിലാക്കുന്നത്. ഇതിലൂടെ രാജ്യത്തെ ഏറ്റവും വലിയ പരീക്ഷകളായ
സിവിൽ സർവ്വീസ്(IAS, IPS, IFS), അക്കൗണ്ടിങ്ങ് & മാനേജ്മെന്റ് (CA, CS,
CMA, ACCA, MBA, BANKING, FINANCE), മെഡിക്കൽ & എഞ്ചിനിയറിംഗ്,
ലോ, തുടങ്ങി ലോകത്ത് ലഭ്യമായിട്ടുള്ള ഉന്നത മേഖലകളിലേക്ക്
കുട്ടികളെ കൈപിടിച്ച് നടത്തിക്കുക എന്നതാണ്
ഇതിലൂടെ സ്കൂൾ ലക്ഷ്യമിടുന്നത്.
സീതി സാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ അതിന്റെ സാമൂഹിക
ഉത്തരവാദിത്വ(Social Responsiblity) നിർവ്വഹണം വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായാണ് ഇത്തരമൊരു ശ്രമകരമായ ദൗത്യത്തിന് മുതിരുന്നത്.
എല്ലാവരുടെയും പ്രാർത്ഥന പ്രതീക്ഷിച്ചുകൊണ്ട്....

പ്രാർത്ഥനയോടെ...
മാനേജ്മെന്റ് സ്റ്റാഫ് & പി.ടി.എ.




- പത്ത് വയസ് മുതൽ പരിശീലനം.
- 5, 6, 7 ക്ലാസുകളിൽ പഠിക്കുന്ന കുട്ടികൾക്ക് അവസരം.
- അഞ്ച് വർഷം നീണ്ടുനിൽക്കുന്ന ശിക്ഷണം.
- മുപ്പത് കുട്ടികളടങ്ങുന്ന മൂന്ന് ബാച്ച്.
- ടാലന്റ് സെർച്ച് പരീക്ഷയിലൂടെ സെലക്ഷൻ.
- കേരളത്തിലെ പ്രശസ്തരും വിദഗ്ധരും അടങ്ങിയ പാനലിന്റെ മേൽനോട്ടം.
- പ്രഗത്ഭരുടെ ക്ലാസ്, വർക് ഷോപ്പ്, സെമിനാർ.
- വിവിധ മേഖലകളിലെ ഉന്നതരുമായി കൂടിക്കാഴ്ചകൾ.
- ചർച്ചകൾ, സംവാദങ്ങൾ.
- വിദ്യാഭ്യാസ പ്രദർശനങ്ങൾ.

തളിപ്പറമ്പിലും പരിസര നാടുകളിലുമുള്ള 5, 6, 7 ക്ലാസുകളിൽ പഠിക്കുന്ന മിടുക്കരായ വിദ്യാർത്ഥികൾ സ്കൂൾ മാനേജ്മെന്റ് ഓഫീസിൽ ബന്ധപ്പെട്ട് അപേക്ഷാ ഫോറം പൂരിപ്പിച്ച് നൽകേണ്ടതാണ്.

# സ്റ്റുഡന്റ് പോലീസ് കേഡറ്റ്

സാബിറ.സി
അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ

പൗരബോധവും ലക്ഷ്യബോധവും സാമൂഹ്യപ്രതിബദ്ധതയും, സേവന സന്നദ്ധതയുമുള്ള യുവജനതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെയാണ് ശ്രീ.പി.വിജയൻ ഐ പി എസിന്റെ നേതൃത്വത്തിൽ 2010-ൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് എന്ന ബൃഹദ് പദ്ധതി ആരംഭിക്കുന്നത്.

വിദ്യാർത്ഥികളിൽ പ്രകൃതിസ്നേഹം, പരിസ്ഥിതി സംരക്ഷണബോധം, പ്രകൃതിദുരന്തങ്ങൾക്കെതിരെ പ്രവർത്തിക്കാനുള്ള സന്നദ്ധത, ലഹരിവിരുദ്ധ മനോഭാവം, സമഭാവന, സഹാനുഭൂതി, ട്രാഫിക് അവബോധം, നിയമസാക്ഷരത, മാധ്യമസാക്ഷരത തുടങ്ങി സ്വഭാവശുദ്ധിയിലും പെരുമാറ്റ ശീലത്തിലും മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന മാതൃകാ വിദ്യാർത്ഥി സമൂഹത്തെ വാർത്തെടുക്കുക എന്ന ലക്ഷ്യം മുന്നോട്ടുവെക്കുന്ന എസ് പി സി കേരളപോലീസും, വിദ്യാഭ്യാസ വകുപ്പും ചേർന്നാണ് രൂപീകരിച്ചത്.

എഴുത്തുപരീക്ഷയിൽ സെലക്ഷൻ കിട്ടുന്ന കുട്ടികൾക്ക് ശാരീരികക്ഷമതാ നിർണ്ണയം നടക്കും. ശാരീരിക മാനസിക ബൗദ്ധികക്ഷമയുടെ അടിസ്ഥാനത്തിൽ രൂപപ്പെടുത്തിയ റാങ്ക് ലിസ്റ്റിൽ നിന്നാണ് കേഡറ്റുകളെ തെരഞ്ഞെടുക്കുക. ഓരോ സ്കൂളിലും 22 ആൺകുട്ടികളും 22 പെൺകുട്ടികളുമടങ്ങിയ 44 പേരെയാണ് എസ് പി സിയിലേക്ക് തെരഞ്ഞെടുക്കുക. എട്ടാം തരത്തിലും ഒൻപതാംതരത്തിലുമാണ് എസ്.പി.സി യുടെ പരിശീലന പരിപാടി. പത്താംതരത്തിൽ കേഡറ്റുകൾക്ക് പൂർണ്ണമായും പഠനപ്രവർത്തനങ്ങൾക്ക് പ്രാധാന്യം നൽകാൻ സമയം ലഭിക്കുന്നു.

ബുധനാഴ്ചകളിൽ ഒന്നരമണിക്കൂറും, ശനിയാഴ്ചകളിൽ 5 മണിക്കൂറും കേഡറ്റുകൾക്ക് ഇൻഡോർ ഔട്ട്ഡോർ പരിശീലനക്ലാസ്സുകൾ നൽകും. എസ് പി സി സെക്രട്ടറിയേറ്റിൽ നിന്ന് അയച്ചുതരുന്ന മൊഡ്യൂൾ പ്രകാരമാണ് ക്ലാസ്സുകൾ നൽകുക. പോലീസ് സേനയിൽപ്പെട്ട ഒരു പുരുഷ ഇൻസ്ട്രക്ടറും, ഒരു വനിതാ ഇൻസ്ട്രക്ടറും സ്കൂളിൽ വന്ന് കുട്ടികൾക്ക് ഫിസിക്കൽ ട്രെയിനിങ്ങിലും, പരേഡിലും പരിശീലനം നൽകുന്നു. രണ്ട് അധ്യാപകർ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും, അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസറായും സേവനമനുഷ്ഠിക്കുന്നു.

ഓണം, ക്രിസ്തുമസ്, വേനലവധിക്കാലങ്ങളിൽ സ്കൂളുകളിൽ മൂന്നുദിവസം നീണ്ടുനിൽക്കുന്ന നോൺ റസിഡൻഷ്യൽ ക്യാമ്പ് സംഘടിപ്പിക്കുന്നു. വ്യത്യസ്ത വിഷയങ്ങളിൽ പ്രഗൽഭരായ പരിശീലകരുടെ ക്ലാസ്സുകളും ഉണ്ടായിരിക്കും. കേഡറ്റുകൾക്കായി യോഗ, കളരി പരിശീലനവും ഉണ്ടാകും. വേനലവധിക്കാലത്ത് കേഡറ്റുകൾക്ക് 5 ദിവസത്തെ ജില്ലാ ക്യാമ്പിലും പങ്കെടുക്കാം. ഓരോ സ്കൂളിൽ നിന്നും തെരഞ്ഞെടുക്കുന്ന ഏറ്റവും മികച്ച കേഡറ്റിന് തിരുവനന്തപുരത്ത് നടക്കുന്ന സംസ്ഥാനക്യാമ്പിലും പങ്കെടുക്കാൻ അവസരം ലഭിക്കുന്നു. കാക്കി യൂണിഫോമും, പി ടി യൂനിഫോമുമണിഞ്ഞ് സ്കൂളിലും, തങ്ങളുൾപ്പെടുന്ന ഇടങ്ങളിലുമെല്ലാം ക്രമസമാധാനത്തിനും അച്ചടക്കത്തിനും വേണ്ടി പ്രവർത്തിക്കുന്ന എസ് പി സി കേഡറ്റുകൾ സമൂഹത്തിന് മുതൽകൂട്ടുതന്നെ.



സീതീസാഹിബ് ഹയർ സെക്കണ്ടറി സ്കൂൾ എസ്.പി.സി യൂണിറ്റിന്റെ 2017 പാസിങ്ങ്ഔട്ടിൽ പങ്കെടുത്ത വിദ്യാർത്ഥികൾ കണ്ണൂർ ജില്ലാ സബ്. കലക്ടറോടൊപ്പം.

# നമ്മുടെ സ്കൂളിൽ എസ്.പി.സി

മാനേജ്മെന്റിന്റേയും, അധ്യാപകസംഘടനകളുടേയും നിരന്തരപ്രയത്നത്തിലൊടുവിലാണ് കണ്ണൂർ ജില്ലയിൽ 22-ാമത് എസ്.പി.സി സ്കൂളായി നമ്മുടെ സ്കൂളിനെ തെരഞ്ഞെടുക്കുന്നത്. എട്ടാംതരത്തിലെ 44 കേഡറ്റുകളുമായി 2014- ൽ തുടങ്ങിയ യൂനിറ്റ് അത്യുൽസാഹപൂർവ്വം ഇന്നും അതിന്റെ പ്രയാണം തുടരുന്നു

സീതിയിലെ കുഞ്ഞുങ്ങൾക്ക് വ്യത്യസ്ത അനുഭവപാഠങ്ങൾ പകർന്നുനൽകുകയാണ് സ്റ്റുഡന്റ് കേഡറ്റ് പദ്ധതി. തിരുവനന്തപുരം കടഞ്ചര, നിയമസഭാമന്ദിരം, ഏഴിമല നാവിക അക്കാദമി സന്ദർശനം ആറളം വന്യജീവി സങ്കേതകേന്ദ്രത്തിലും, സൈലന്റ് വാലിയിലും, പൈതൽ മലയിലും നടന്ന നാച്ച്വറൽ ക്യാമ്പ്, പുഴയറിവ് യാത്ര, സഹപാഠിക്കൊരു വീടിന്റെ ശ്രമദാനം, ഭിന്നാഭിരുചിയുള്ള സഹപാഠിയുടെ വീട്, ഫയർ & റെസ്ക്യൂ സെന്റർ, തളിപ്പറമ്പ് പോലീസ് സ്റ്റേഷൻ, അനാഥമന്ദിരം, വൃദ്ധസദനം എന്നിവ സന്ദർശിച്ചുകിട്ടിയ അനുഭവപഠനം, റിപ്പബ്ലിക് ദിനത്തിൽ കണ്ണൂർ പോലീസ് പരേഡ് ഗ്രൗണ്ടിൽ നടത്തിയ പരേഡ്, സംസ്ഥാന കലോത്സവത്തിലെ വളണ്ടിയർ ഡ്യൂട്ടി, ട്രാഫിക് ഡ്യൂട്ടി, ശുഭയാത്ര, നീന്തൽ, യോഗ, കളരി, ഐ.എ.എസ് പരിശീലനം, കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, ആരോഗ്യ പഠനക്ലാസ്സുകൾ എന്നിവ അവയിൽ ചിലതുമാത്രം. ഡ്രില്ലിങ്ങ് ഇൻസ്ട്രക്ടർമാരായ ശ്രീ പുരുഷോത്തമൻ,ശ്രീമതി ജയശ്രീ, കമ്മ്യൂണിറ്റി പോലീസ് ഓഫീസറായ ശ്രീ പി എം ത്വാഹ, അഡീഷണൽ കമ്മ്യൂണിറ്റി പോലീസ് ഓഫീസർ ശ്രീമതി സി. സാബിറ എന്നിവരുടേതു മാത്രമല്ല മാനേജ്മെന്റിന്റേയും, അധ്യാപക - അനധ്യാപകരുടേയു, രക്ഷിതാക്കളുടേയും കൂട്ടായ്മയുടെ കൂടെ ഫലമാണ് നമ്മുടെ സ്കൂളിലെ എസ്.പി.സി യുടെ വിജയം.

# തുടിപ്പ്

## മാഗസിൻ




സീതീസാഹിബ് ഹയർ സെക്കണ്ടറി സ്കൂളിലെയും ചുറ്റുവട്ടത്തുള്ള മറ്റ് അപ്പർ പ്രൈമറി വിദ്യാലയങ്ങളിലെയും വിദ്യാർത്ഥികളുടെ എഴുത്തും സാഹിത്യവും വളർത്തുന്നതിൽ പ്രസിദ്ധീകരിക്കുന്ന മാഗസിനാണ് തുടിപ്പ്. ഇതുവരെ നാല് ലക്കങ്ങൾ പുറത്തിറക്കി. പ്രോമിസ് പദ്ധതിയുടെ ഭാഗമായി സ്കൂൾ മാനേജ്മെന്റും അധ്യാപകരും ചേർന്നാണ് മാഗസിൻ പ്രസിദ്ധീകരിക്കുന്നത്.



# ജൂനിയർ റെഡ്ക്രോസ്

റെഡ്ക്രോസ് സൊസൈറ്റിയുടെ ഉദാത്തമായ ഉദ്ദേശലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനുവേണ്ടി വിദ്യാലയങ്ങളിൽ പ്രവർത്തിച്ചുവരുന്ന ആതുരസേവന സന്നദ്ധസംഘടനയാണ് ജൂനിയർ റെഡ് ക്രോസ്. ജാതി-മത- വർഗ്ഗ-വർണ്ണ-ഭാഷ-ദേശ- രാഷ്ട്രീയങ്ങൾക്കെല്ലാം അതീതമായി, നിഷ്പക്ഷമായി പ്രവർത്തിക്കുന്ന സംഘടനയാണിത്.

'ആരോഗ്യം, സേവനം, സൗഹൃദം' എന്ന കർമ്മപരിപാടികളുമായി സേവനത്തിന്റെയും സ്നേഹത്തിന്റെയും ദീപം തെളിയിക്കുന്ന പ്രസ്ഥാനമായി നമ്മുടെ വിദ്യാലയത്തിലും 11 വർഷമായി ജെ ആർ സി പ്രവർത്തിച്ചുവരുന്നു. ദയ, അനുകമ്പ, സഹിഷ്ണുത മനോഭാവം, സാഹോദര്യം തുടങ്ങിയ മാനുഷിക മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ഇന്നത്തെ കാലത്ത് അത്തരം സ്വഭാവങ്ങൾ വിദ്യാർത്ഥികളിൽ വളർത്തിയെടുക്കുന്നതിന് JRC ശ്രമിച്ചുകൊിരിക്കുന്നു.

ഇതിന്റെ ഭാഗമായി നമ്മുടെ സ്കൂൾ യൂനിറ്റിലും JRC യുടെ മികവുറ്റ പ്രവർത്തനങ്ങൾ നടന്നുകൊിരിക്കുന്നു. പരിസരശുചിത്വവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നിർധനരായ വിദ്യാർത്ഥികളെ സഹായിക്കൽ, രോഗികൾക്കും അവശരായവർക്കും സഹായമെത്തിക്കൽ, അഗതിമന്ദിരങ്ങൾ അനാഥാലയങ്ങൾ എന്നിവിടങ്ങളിൽ ഭക്ഷണം, വസ്ത്രം, മരുന്ന് , അരി എന്നിവ എത്തിക്കൽ, വിദ്യാർത്ഥികൾക്കിടയിൽ ലഹരിവിരുദ്ധബോധവൽക്കരണം, വിവിധ ദിനാചരണങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തുടങ്ങിയ ഒട്ടനവധി സേവനങ്ങൾ ജെ ആർ സി യുടെ നേതൃത്വത്തിൽ ചെയ്തുവരുന്നു. പ്രകൃതിക്ഷോഭം മൂലവും മറ്റും ദുരിതമനുഭവിക്കുന്നവർക്ക് ജെ ആർ സി കേഡറ്റുകൾ ശേഖരിക്കുന്ന പണവും മരുന്നും വസ്ത്രങ്ങളും എത്തിച്ചുകൊടുക്കുന്നു.

"I Serve" -എന്ന മുദ്രാവാക്യത്തിലൂന്നിയുള്ള ഇത്തരം പ്രവർത്തനങ്ങളിലൂടെ കടന്നുപോകുന്ന ജെ ആർ സി കേഡറ്റുകൾക്ക് സമൂഹത്തിൽ തന്റേതായ സ്ഥാനം മനസ്സിലാക്കാനും തന്റെ കടമകൾ യാതൊരു സങ്കോചവും കൂടാതെ നിർവ്വഹിക്കാനും കഴിയുമെന്ന കാര്യത്തിൽ സംശയമില്ല. മാത്രമല്ല ഒരു വ്യക്തിക്കുണ്ടായിരിക്കേ അടിസ്ഥാനമൂല്യങ്ങൾ മുറുകെപിടിക്കാനും അതിലൂടെ ഉത്തമസ്വഭാവങ്ങൾ രൂപപ്പെടുത്താനും കഴിയുന്നു. യാതൊരു പ്രതിഫലേച്ഛയും കൂടാതെ സ്വമേധയാ കേഡറ്റുകൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഇത്തരം ജീവകാരുണ്യപ്രവർത്തനങ്ങൾ ഭാവിജീവിതത്തിലും അവർക്കൊരു മുതൽക്കൂട്ടാകുമെന്ന കാര്യത്തിൽ സംശയമില്ല.







# ഭാരത് സ്കൗട്ട്സ് & ഗൈഡ്സ്

ജൂൺ മാസത്തിൽ പുതിയ 2 ഗൈഡ് യൂണിറ്റുകൾ കൂടി രൂപീകരിച്ചു.
എല്ലാ ബുധനാഴ്ചയും വൈകീട്ട് 4 മണിക്ക് ട്രൂപ്പ് മീറ്റിംഗ്, പട്രോൾ മീറ്റിംഗ് എന്നിവ സ്കൗട്ട്& ഗൈഡ് അദ്ധ്യാപരായ ഹക്കീം മാസ്റ്റർ, ഷാനിമ ടീച്ചർ, ഷാബി ടീച്ചർ, ഹന്നത്ത് ടീച്ചർ, നിയാസ് മാസ്റ്റർ എന്നിവരുടെ നേതൃത്വത്തിൽ നടത്തിവരുന്നു.

1. പുതിയ ASM (Assistant Scout Master) ആയി നിയാസ്.ടി.വി (HSA Eng) ചുമതലയേറ്റു.
സ്കൂളിലെ അച്ചടക്ക-സേവന പ്രവർത്തനങ്ങളിൽ മറ്റ് കേഡറ്റുകൾക്കൊപ്പം പങ്കാളിയായി.
കുട്ടികളെ പാട്ട്, കളികൾ എന്നീ രീതിയിലുള്ള സ്കൗട്ടിന്റെ പാഠങ്ങൾ പരിശീലിപ്പിച്ചുവരുന്നു.
2. ആഗസ്റ്റ് മാസത്തിൽ സ്വാതന്ത്ര്യദിനം സമുചിതമായി ആഘോഷിച്ചു.
കാൻസർ രോഗികളെ സഹായിക്കാൻ സാന്ത്വന നിധി രൂപീകരിച്ചു. തുടർന്ന് സ്കൂളിൽ നിന്നും പിരിച്ചെടുത്ത സാന്ത്വന നിധി തളിപ്പറമ്പിലുള്ള കാൻസർ രോഗികൾക്ക് വിതരണം ചെയ്തു.
3. ഓണാഘോഷവും ബലിപ്പെരുന്നാൾ ആഘോഷവും ഒരുമിച്ച് വന്നപ്പോൾ BSG സീതിസാഹിബ് യൂണിറ്റ് സർവ്വമത പ്രാർത്ഥനയും സന്ദേശപ്രഭാഷണവും നടത്തി. യു.കെ. ഇബ്രാഹിംകുട്ടി സർ (Senior Assistant Arabic Dept) ഉൽഘാടനം ചെയ്തു. തുടർന്ന് വിവിധ ക്ലാസ്സുകൾക്കായി പായസനിർമ്മാണ മത്സരവും പെൺകുട്ടികൾക്ക് മൈലാഞ്ചിയിടൽ മത്സരവും നടത്തി.
4. സെപ്തംബർ മാസത്തിൽ പുലികുരുമ്പ സ്കൂളിൽ നടന്ന പട്രോൾ ലീഡേർസ് മീറ്റിംഗിൽ നമ്മുടെ യൂണിറ്റിലെ 20 പേർ പങ്കെടുത്തു.
5. സെപ്തംബർ 5 ന് അദ്ധ്യാപക ദിനത്തിന്റെ ഭാഗമായി മുഴുവൻ അദ്ധ്യാപകരേയും ക്ലാസ്സിൽ ചെന്ന് സ്നേഹസമ്മാനം നൽകി ആദരിച്ചു.
6. ഒക്ടോബർ മാസത്തിൽ തളിപ്പറമ്പ് നോർത്ത് സബ് ജില്ലയിലെ മുഴുവൻ സ്കൗട്ട് & ഗൈഡ് അംഗങ്ങളെ പങ്കെടുപ്പിച്ച് ദ്വിതീയ സോപ്പാൻ ടെസ്റ്റ് നടത്തി
7. ഡിസംബർ മാസത്തിലെ 30, 31 തീയ്യതികളിൽ സ്കൂളുകളിൽ വെച്ച് മുഴുവൻ അംഗങ്ങൾക്കും വേണ്ടി 2 ദിവസത്തെ Non- Residential ക്യാമ്പ് നടത്തി. ക്യാമ്പ് നിയന്ത്രിച്ചത് DOC ശ്രീ പ്രേമരാജൻ സാറും, ലത ടീച്ചറുമാണ്. വിവിധ സെഷനുകളിലായി compass, estimation, കെട്ടുകൾ, First Aid എന്നിവയിൽ കുട്ടികൾ പ്രാവീണ്യം നേടി
8.ജനുവരി 17-ാം തീയ്യതി സ്കൂളിൽ വെച്ച് സബ്ജില്ലാതല രാജ്യപുരസ്കാർ Pre-testing Camp നടത്തിയതിൽ 250 ഓളം കുട്ടികൾ പങ്കെടുത്തു
9. ജനുവരി 27- 29 വരെ നടന്ന ജില്ലാ രാജ്യപുരസ്കാർ ടെസ്റ്റിൽ 5 ഗൈഡ് അംഗങ്ങൾ പങ്കെടുത്തു.

**നേട്ടങ്ങൾ**

സബ്ജില്ലാ പട്രോൾ ലീഡേഴ്സ് ക്യാമ്പിൽ മികച്ച യൂണിറ്റായി സീതിസാഹിബ് സ്കൂൾ BSG യൂണിറ്റിനെ തെരഞ്ഞെടുത്തു
2. മികച്ച പട്രോൾ ലീഡർ ആയി റനീം റഹ്മാൻ IX-A, ഷഹനാജ് IX-W എന്നിവരെ തെരഞ്ഞെടുത്തു.
3. സ്കൗട്ട് മാസ്റ്റർമാരായ ഹക്കിം, ഷാനിമ എന്നിവർ അഡ്വാൻസ് കോഴ്സ് പൂർത്തിയാക്കി
4. ഈ വർഷം നടന്ന രാജ്യപുരസ്കാർ ടെസ്റ്റിൽ 5 ഗൈഡ് അംഗങ്ങൾ രാജ്യപുരസ്കാർ നേടി (റസ്മിയ ബഷീർ, ഫാത്തിമത്ത് ബിഷ.കെ, ഹസ്ന.ടി.വി, ഫാത്തിമത്തുൽ ഷഹദിയ, ഫർഹാന.കെ)






# സേവനത്തിന്റെ വേറിട്ട പാതയിൽ സീതി സാഹിബ് എൻ എസ് എസ്

എൻ എസ് എസ് എന്നാൽ കേവലം സ്കൂൾ ശുചീകരണവും സപ്തദിന ക്യാമ്പും നടത്തുന്ന കൂട്ടായ്മ മാത്രമല്ലെന്ന് തെളിയിച്ച് കൊണ്ട് 2016-17 വർഷത്തിൽ മികച്ച പ്രവർത്തനങ്ങളുമായി നാഷണൽ സർവ്വീസ് സ്കീം സീതി സാഹിബ് NSS യൂണിറ്റ് (309) മുന്നിട്ട് നിൽക്കുന്നു.

NSS വിഭാവനം ചെയ്യുന്ന ഗ്രാമദീപം പരിപാടിയുടെ ഭാഗമായി തളിപ്പറമ്പ് മുൻസിപ്പാലിറ്റിയിലെ ഞാറ്റുവയൽ ഗ്രാമം ദത്തുഗ്രാമമായി പ്രഖ്യാപിച്ചുകൊണ്ടാണ് ഈ വർഷത്തെ പ്രവർത്തനങ്ങൾ ആരംഭിച്ചത്. ദത്തുഗ്രാമത്തിന്റെ സർവ്വതോന്മുഖമായ ഉന്നമനത്തിനുവേണ്ടിയുള്ള വിവിധ പ്രവർത്തനങ്ങളിൽ NSS വളിയർമാർ സജീവമായി ഇടപെടുന്നു. പ്രദേശത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീടുകളിൽ വിത്തുവിതരണം നടത്തുകയും ചിലവീടുകളിൽ ജൈവകൃഷി ആരംഭിച്ച് നൽകുകയും ചെയ്തു. കൊതുക് നിവാരണത്തിന്റെ ഭാഗമായി വീടുകളിൽ കയറി നടത്തിയ ആരോഗ്യസർവ്വേയും ഭവനരഹിതർക്കുള്ള പ്രധാനമന്ത്രിയുടെ PMAY പദ്ധതിയുടെ ഭാഗമായി 120 ഓളം അപേക്ഷകരെ കണ്ടെത്തി അപേക്ഷാഫോറം പൂരിപ്പിച്ച് നൽകിയതും ശ്രദ്ധേയമായ പ്രവർത്തനങ്ങളാണ്. ദത്തുഗ്രാമത്തിലെ അംഗൻവാടി കുട്ടികൾക്ക് നൽകിയ 50 ഓളം കളിപ്പാട്ടങ്ങൾ സ്നേഹസമ്മാനം എന്ന പേരിലാണ് നടത്തിയത്. കുടിവെള്ള ശുചീകരണത്തിന്റെ ഭാഗമായി കിണറുകളിൽ ക്ലോറിനേഷൻ നടത്തിയും പ്രമേഹദിനത്തിന്റെ ഭാഗമായി ആയിരത്തോളം വീടുകളിൽ പ്രമേഹസർവ്വേ നടത്തിയും ലഘുലേഖ വിതരണം ചെയ്തും NSS വളണ്ടിയർമാർ സ്കൂളും സമൂഹവും തമ്മിലുള്ളബന്ധം ഊട്ടിയുറപ്പിച്ചു. പാലിയേറ്റീവ് ദിനത്തോടനുബന്ധിച്ച് കിടപ്പ് രോഗികളെ സന്ദർശിച്ച് സാന്ത്വനസ്പർശം നൽകാൻ വളണ്ടിയർമാർക്ക് സാധിച്ചു.

സ്കൂളിന്റെ പുരോഗതിക്കും സമൂഹത്തിന്റെ ഉന്നമനത്തിനും ഉതകുന്ന രീതിയിൽ മികച്ച പ്രവർത്തനങ്ങളാണ് വളണ്ടിയർമാർ ഈ വർഷം കാഴ്ചവെച്ചത്. പ്രവർത്തനങ്ങൾക്ക് സ്കൂൾ പി ടി എ യുടേയും, മാനേജ്മെന്റിന്റെയും എല്ലാ സഹായസഹകരണങ്ങളും ലഭിച്ചുവരുന്നു. പ്രവർത്തനങ്ങൾക്ക് പ്രോഗ്രാം ഓഫീസർ ഫിറോസ് ടി അബ്ദുള്ള നേതൃത്വം നൽകി വരുന്നു.



















# मम अनुभवा:

Krishnaprabha K.V
H.S.A Sanskrith




സംസ്കൃത ഭാഷാ പഠനത്തിന് സീതീസാഹിബിൽ തുടക്കമായി.

अहं मम पतिु: इच्छानुसरणमेव संस्कृतं पठतिवती। पौराणकि भाषा, देव भाषा, संस्करणभाषा इत्यादि रूपेण इयं भाषा वर्तते। अत: संस्कृत श्लोका:, शब्दा:, अमरकोशं इत्यादि ग्रन्थानि पठतिुं अहं उत्सुकवती आसम्। मया संस्कृतं पठतिवती इति कारणात् बन्धुजनै: परहिासपात्रं अभवत्। मम मनसि केचन सन्देह: जाता:। संस्कृतं पठतिवती इति कारणेन समूह मध्ये वयट्टि् कोलर् जोब् (white collar job) कर्तुं न शक्नोमि - इति सर्वै: उक्तम्। अत: संस्कृत बरिुद पठनान्तरं अहं नयिम बरिुदमपि प्राप्तवती। अवसरेऽस्मनि् पतिु: वचनमेवमासीत् - 'संस्कृते एव श्रद्धां करोतु - वक्कील् भवति चेत् स्त्रीणां मध्ये बहव: प्रश्ना: आवरि्भवन्ति' - इति। अनन्तरं चतुर्वर्षाणि वक्कील् वृत्ति: कृत्वा संस्कृते बि. एड् बरिुदं, आचार्य (MA) बरिुदं च प्राप्तवती। अहं एवं अचन्तियत् "मम मार्ग: संस्कृतमेव"। परश्शनिक्किडव् आयुर्वेद कलालये अष्टाधकि वर्षाणि बि. ए. एं. एस्. छात्रेषु संस्कृत अध्यापनं कृतवत्। अनन्तरं 2016 आरभ्य सीति साहबि उच्च वद्यिालये आगतवती। अष्टावर्ष महावद्यिालय पठनादपेक्षया उच्च वद्यिालये कक्ष्यां चालयतिुं कञ्चिति् क्लेशं अनुभवामि। इदानीं मम कृते कञ्चिदपि प्रयास: नास्ति। एतस्मनि् वद्यिालये सर्वे अध्यापका:, अध्यापकिाश्च मैत्री रूपेण वर्तन्ते। छात्रा: अपि सम्यक् रीत्या पठन्ति। अत: वद्यिालयेऽस्मनि् अत्यधकि सन्तोषेण अहं कार्यं कुर्वन्तीऽस्मि।

# ഒരു യാത്രാ വിവരണം

**FATHIMATH SUHANA.K.P** (IX -L)
Student Police Cadet

ഒടുവിൽ ഞങ്ങൾ കാത്തിരുന്ന ആ ദിവസം വന്നെത്തി. അതെ പാലക്കാട് ജില്ലയിലെ സൈലന്റ് വാലി എന്ന അതിമനോഹരമായ പച്ചപ്പുനിറഞ്ഞ കാട്ടിലേക്ക് എസ്.പി.സി കാഡറ്റ്സിന്റെ ഒരു യാത്ര. സന്തോഷത്താൽ ആടിത്തിമിർത്തു. പല സ്വപ്നങ്ങളും ഒപ്പം പുറത്തെ അതിമനോഹര കാഴ്ചകളും കണ്ട് ബസ്സിലും, ട്രെയിനിലുമായി യാത്രചെയ്തു. 9.00 മണിക്ക് ട്രെയിൻ കയറി 4.15 ഓടെ മുക്കാളിയിലെ ക്വാട്ടേഴ്സിൽ എത്തിച്ചേർന്നു. അവിടെ ഷണ്മുഖൻസാർ ഞങ്ങൾക്കായി കാത്തുനിൽക്കുന്നുണ്ടായിരുന്നു.
അന്ന് രാത്രി കൃത്യം 7.00 മണിക്ക് ഒരു ക്ലാസ്സുണ്ടായിരുന്നു. ക്ലാസ്സെടുത്തത് അമീൻ സാറായിരുന്നു. അമീൻ സർ ഞങ്ങൾ രസിക്കുംവിധം തന്നെ ക്ലാസ്സെടുത്തു. അതിനുശേഷം ഷണ്മുഖൻ സാർ നാമിന്ന് ഏറ്റവും പേടിക്കുന്ന പാമ്പുകളെക്കുറിച്ചുള്ള ഡോക്യുമെന്ററി കാണിച്ചുതന്നു. അന്ന് പാമ്പിനെ സ്വപ്നം കാണുമോ എന്ന പേടി അടക്കിവെച്ച് എല്ലാവരും കിടന്നു. എന്നാൽ സുഹൃത്തുക്കളുടെ കൂടെയായതിനാൽ അത്രവലിയ പേടിയൊന്നും തോന്നിയില്ല. സാബിറടീച്ചറുടെ കണ്ണുവെട്ടിച്ച് ഞങ്ങളിൽ പലരും പതിയെ സംസാരിച്ചു. ചെറിയ ശബ്ദങ്ങൾ ടീച്ചർക്ക് കേൾക്കാമായിരുന്നു എന്ന് തോന്നുന്നു എങ്കിലും ടീച്ചർ കേട്ട ഭാവം നടിച്ചില്ല. പിറ്റേന്ന് ഞങ്ങൾക്ക് ആഹ്ലാദം നിറഞ്ഞ ഒരു ദിവസമായിരുന്നു. സൈലന്റ്വാലിയിലെ ബഫർ ഏരിയയിലേക്ക് ഒരു ട്രക്കിങ്. അന്ന് 5.45 ന് എഴുന്നേൽക്കാൻ പറഞ്ഞു. എങ്കിലും ഞങ്ങൾ 5.00 മണിക്ക് ഉണർന്നു. എല്ലാവരും തണുപ്പത്ത് മൂടിപ്പുതച്ചിരുന്ന് സംസാരിച്ചു. നല്ല തണുപ്പുണ്ടായിരുന്നു. മുഖം കഴുകുമ്പോഴും കുളിക്കുമ്പോഴും പത്തിരുപത് ഐസ് എടുത്ത് ദേഹത്തുവെച്ച അനുഭൂതിയായിരുന്നു. അന്ന് ഞങ്ങൾ ബഫർ ഏരിയ കയറി. ഒരു കാട്ടിലൂടെ നടന്ന് നടന്ന് അവസാനം ഒരു വലിയ കുന്നിൻ മുകളിലെത്തി. എന്നാൽ സന്തോഷത്തോടെയും ഒപ്പം ഒരുപാട് പ്രതീക്ഷകളോടെയും പോയ പലരും എന്തിനധികം പറയുന്നു ഈ ഞാനടക്കം വിഷമത്തോടെയാണ് തിരിച്ച് മുറിയിലെത്തിയത്. കാരണം മറ്റൊന്നുമല്ല. ആനയടങ്ങുന്ന വന്യജീവികളേയും സിംഹവാലൻ കുരങ്ങിനെയൊക്കെക്കാണുമെന്ന പ്രതീക്ഷയിലായിരുന്നു. എന്നാൽ, ഞങ്ങളെയെല്ലാവരേയും നിരാശാഭരിതരാക്കിക്കൊണ്ട് ഞങ്ങളെ വരവേറ്റത് വന്യജീവികളായിരുന്നില്ല, ചെറുജീവികളായിരുന്നു. എങ്കിലും ഞാനിതുവരെ കണ്ടിട്ടില്ലാത്ത മലയണ്ണാനെ കാണാനിടയായത് എന്റെ മനസ്സിൽ ഒരു കൊച്ചു സന്തോഷം പൂവണിയുന്നതിന് കാരണമായി. അതിനുശേഷം തമാശയും കളിയും, ചിരിയുമൊക്കെയായി സന്തോഷത്തോടെ ചുവടുവെച്ച് കയറിക്കൊണ്ടിരിക്കുകയായിരുന്നു. ക്ഷീണിച്ചുതിരിച്ചുവന്ന് ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചുകൊിരിക്കുന്നതിനിടയിലാണ് ഞെട്ടിച്ചുകൊണ്ട് ടീച്ചേഴ്സ് ആ കാര്യം പറഞ്ഞത്. കിഴക്കേ അട്ടപ്പാടിയിലേക്ക് പോകണം.

ചുട്ടുപൊള്ളുന്ന വെയിലാണ് കിഴക്കേ അട്ടപ്പാടിയിൽ എത്തിയപ്പോൾ ഞങ്ങൾക്ക് അനുഭവിക്കാൻ കഴിഞ്ഞത്. ദാഹിച്ച് തൊണ്ട വരണ്ടു.
രാവിലെ നടന്നതിന്റെ പത്തിലൊന്ന് നടന്നില്ല. ക്ഷീണിച്ചു വലഞ്ഞു. അപ്പോഴാണ് ഷൺമുഖൻ സാർ ഓർമ്മപ്പെടുത്തിയത്. രാവിലെയുള്ള നമ്മുടെ നടത്തത്തിൽ തണലേകാനും ശുദ്ധമായ വായു തരാനും പ്രകൃതിയിലെ വരദാനമായ മരങ്ങളുണ്ടായിരുന്നു. എന്നാൽ മനുഷ്യന്റെ ആർത്തി, ഈ മേഖലയിലുണ്ടായിരുന്ന മരങ്ങളെയൊക്കെ ചുരുങ്ങിയ കാലം കൊണ്ട് നശിപ്പിച്ചു മരുഭൂമിയാക്കി. ഈ ചൂട് നാം അനുഭവിച്ചേ പറ്റൂ.ഞങ്ങൾ തിരിച്ച് മുറിയിൽ എത്തി. അന്ന് രാത്രിയും 7 മണിക്ക് തന്നെ ക്ലാസുണ്ടായിരുന്നു. ഓ......... പറയാൻ മറന്നു. അന്ന് രാവിലെ ഞങ്ങൾ പക്ഷി നിരീക്ഷണത്തിനിറങ്ങിയിരുന്നു. അന്നാദ്യമായി ഞാൻ ബൈനോക്കുലർ വച്ച് പക്ഷിയെ നിരീക്ഷിച്ചു. അന്ന് രാത്രി കിടക്കുന്നതിനു മുമ്പ് സൈലന്റ് വാലിയെ കുറിച്ചുള്ള ഒരു ചെറിയ ഡോക്യുമെന്ററിഉണ്ടായിരുന്നു. അന്ന് ഞങ്ങൾ ഏറെ ദുഃഖത്തോടെയാണ് ഉറങ്ങാൻ കിടന്നത്. കാരണം മറ്റൊന്നുമല്ല, നാളെ ഞങ്ങൾ തിരിച്ചു പോവുകയാണല്ലോ.

പിറ്റേന്ന് രാവിലെ വഴിയരികിലെ പ്ലാസ്റ്റിക് പെറുക്കാനിറങ്ങി. ക്വാട്ടേഴ്സിൽ എത്തിയതിനുശേഷം അതിനു ചുറ്റുമുള്ള പ്ലാസ്റ്റിക്കും ഞങ്ങൾ പെറുക്കി. പെറുക്കുന്നതിനിടയിൽ ഒരു പക്ഷി ചത്തുവീണിരിക്കുന്നത് ഞങ്ങളുടെ ശ്രദ്ധയിൽ പെട്ടു. ഞങ്ങളതിനെയെടുത്ത് ഷണ്മുഖൻസാറിനുകൊടുത്തു. സാറത് ഒരു കുഴിയിലിട്ടു. പ്ലാസ്റ്റിക് പെറുക്കിയതിനുശേഷം ഞങ്ങൾ ഭവാനിപ്പുഴയുടെ തീരത്തുകൂടി നടക്കാനിറങ്ങി. ഭവാനിപ്പുഴയുടെ തീരത്തെത്തുന്നതുവരെ എല്ലാവരിലും ഒരു ഉൾപ്പുളകമുണ്ടായിരുന്നു. ഞങ്ങൾ ഭവാനിപ്പുഴയിലിറങ്ങി, പുഴ മുറിച്ചു കടന്നു. എന്ത് രസായിരുന്നെന്നോ....! വീണ്ടും വീണ്ടും ഇറങ്ങാൻ ആരായാലും കൊതിച്ചുപോകും.. അതിനുശേഷം സൈലന്റ് വാലി നാഷണൽ പാർക്കിന്റെ 'ഉണർവ്വ്' എന്ന വായനശാലയിൽ ഞങ്ങൾ കയറി. വായിക്കാൻ ഒരു നല്ല പുസ്തകം നോക്കുന്നതിനിടെ 9-ാം ക്ലാസിലെ കേരള പാഠാവലിയിലെ എൻ.പി.മുഹമ്മദിന്റെ ദൈവത്തിന്റെ കണ്ണ് എന്ന പുസ്തകം എനിക്ക് കിട്ടി. വായിക്കാൻ തുടങ്ങുമ്പോഴേക്കും എല്ലാവരോടും പുറത്തിറങ്ങാൻ സാർ പറഞ്ഞു. അങ്ങനെ സമാപനത്തിന് വേണ്ടി ഞങ്ങൾ ഹാളിൽ ഇരുന്നു. നാലഞ്ചുപേർ നന്ദി പറഞ്ഞു. അവസാനം ഷൺമുഖൻ സാർ അയിഷൂനെ വിളിച്ചു. അവൾ അവിടെ നിന്ന് ചിരിച്ചു. ഒന്നും പറയാതെ തിരിച്ചുവന്നു. സമാപനം കഴിഞ്ഞ് ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചു. ഞങ്ങൾ പിരിഞ്ഞു മുക്കാളിയിൽ നിന്ന് കോഴിക്കോടേക്ക് ബസിനും കോഴിക്കോട് നിന്ന് കണ്ണൂരേക്ക് ട്രെയിനിലും യാത്ര ചെയ്തു. ഞങ്ങൾ കണ്ണൂർ റെയിൽവേ സ്റ്റേഷനിൽ നിന്ന് വടയും ചായയും കഴിച്ചു. ഞങ്ങളെ കയറ്റാൻ ബസ്സ് പുറത്ത് കാത്തുനിൽപ്പുണ്ടായിരുന്നു. തിരിച്ച് സ്കൂളിലേക്ക് പോകുമ്പോൾ ബസ്സിൽ ഡാൻസും ചെയ്ത് അടിച്ച് പൊളിച്ച്. അങ്ങനെ ഞങ്ങൾ സ്കൂളിലെത്തി. രക്ഷിതാക്കൾ ഞങ്ങളെ കൂട്ടാൻ വന്നു. അങ്ങനെ ആ സന്തോഷ മുഹൂർത്തങ്ങൾ കടന്നുപോയി. എത്രപെട്ടെന്നാണ് ആ സന്തോഷ നിമിഷങ്ങൾ കഴിഞ്ഞുപോയത്. ഒരു എസ് പി സി കേഡറ്റ് ആയതിനാൽ ഞാനിന്നഭിമാനിക്കുന്നു. ഞങ്ങളുടെ സ്കൂളിലെ 3000 ത്തിലധികം കുട്ടികളിൽ മറ്റാർക്കും ലഭിക്കാത്ത ആ സന്തോഷനിമിഷങ്ങൾ ഞങ്ങൾ 39 പേർക്ക് മാത്രമാണ് ലഭിച്ചത്.

യാത്ര അവസാനിച്ചിട്ടും ഷൺമുഖം സാറിന്റെ വാക്കുകൾ ഇന്നും ഓർക്കുന്നു.

**"പ്രകൃതിയെ സംരക്ഷിക്കാൻ നിങ്ങളൊന്നും ചെയ്യേണ്ടതില്ല...
പ്രകൃതിയെ നിങ്ങളൊന്നും ചെയ്യാതിരുന്നാൽ മതി..."**



# എനിക്ക് വിധിച്ചത്

ഷാമില അബ്ദുൾ ഖാദർ
X N

മറ്റുള്ളവരിൽ നിന്നുള്ള വാക്ക് കൊണ്ട്
എന്റെ ഹൃദയം തകരുന്ന നിമിഷം
എന്തുചെയ്യണമെന്നറിയാതെ
സ്വന്തം വേദന മനസ്സിലൊതുക്കി
ഉള്ളിലെ കരച്ചിൽ, പുറത്തെ പുഞ്ചിരിയാൽ
മൂടപ്പെടുന്ന നിമിഷം
തന്റെ വിഷമം മറ്റുള്ളവരെ
അറിയിക്കാൻ മുതിരാത്ത നിമിഷം...
അവസാന നിമിഷത്തിൽ
ദുഃഖം സഹിക്കവയ്യാതെ....
സംസാരിക്കാൻ വയ്യാതെ...
തനിക്ക് സാക്ഷിയായ് തൻ-
നയനം സംസാരിക്കുന്ന നിമിഷം
വാക്കുകളിലൂടെയല്ല പക്ഷെ-
ബാഷ്പതുള്ളികളിലൂടെ...
എൻ മനം എനിക്ക് വിധിച്ചത്....
ആ കണ്ണുനീർതുള്ളി.....!

Fathimath Maziya, Fajna
IX - M

## میری ماں

پیاری ماں مجھ کو تیری دعا چاہیے
تیری آنچل کی ٹھنڈی ہو چاہیے
پیٹ میں ماں نے مجھے بڑھایا
تکلیف کا ہے وہ زمانہ
پیار کی وہ کہانیاں لوریاں
صبر کیا ہے ماں نے مجھے پڑھایا
سلیقہ کیا ہے ماں نے مجھے سمجھایا
صبر کا پھل میٹھا ہے اور
صبر کا نام ماں ہے
گر گیا ہوں تب میں
ماں کی آنچل سے ملا ہے پیار
اب جنت سے دیکھ رہا ہوں
خدا کی مہمان بن کر وہ
دعا ہے خدا سے میری ماں
گلشن فردوس دیں ان کو
اے خدا چلا دیں مجھے ان کی روشنی کی راہ میں



# തനിച്ചാണവൾ

Aseela Abdul Azeez
X-R

തനിച്ചാണവളീ നിശയിൽ
നീ നിരയിൽ ഒരു
നിഴൽമാത്രം
ദർശിക്കാനാവാത്ത
വെളിച്ചമോ മുകളിൽ
മാതൃത്വത്തിൻ മടിയിൽ
സഹവർത്തിച്ചവരോ പാതി-
യൊടിഞ്ഞ് ചുറ്റും പറവതൻ അഭയം
തേടുന്നില്ല
തണലോരമില്ല, താപമേറ്റ
ചില്ലകൾ മാത്രം
ഏകാഗ്രതയിൽ ഒരിറ്റു
കാറ്റിൽ
ചാഞ്ഞുറങ്ങാൻ അവളോ
കൊതിച്ചു
കുളിർമയേകാൻ ഒന്നു
മില്ലെന്ന കാറ്റോ
തെന്നി മാറി
മാനവപ്രീതി ചെലുത്തും
രാശികൾ

# അമ്മ

ജ്യോതിക രാജൻ
X- L

ഞാനെന്നമ്മയ്ക്ക് തണൽ നൽകിയെങ്കിൽ
ഇന്നെന്റെയമ്മയുണ്ടായേനേ
എന്നോടൊപ്പം
നൽകിയില്ലാ ഞാനൊന്നുമെന്നമ്മയ്ക്ക്
പറിച്ചെടുത്തു ഞാനമ്മയിൽ
നിന്നെല്ലാം നൽകാനായി-
ല്ലൊന്നുമേതിരികെ, ഭൂമിയാണെന്ന-
മ്മയെയെന്നും, ജനിച്ചതും ഭൂമിയിൽ
വളർന്നതും ഭൂമിയിൽ ചോർത്തി-
ഞാനെല്ലാം ഭൂമിയിൽ നിന്നും.
എന്തുഞാൻ നൽകി ഭൂമിയാമമ്മയ്ക്ക്
തണൽകിട്ടിയമ്മയിൽ നിന്നും
തിരിച്ചു നൽകി ഞാൻ
കണ്ണീരും വേദനയും മാത്രമല്ലോ...



Zahira.C
VIII - A

# حياة متحرّية

استيقظت فاطمة باستماع أصوات الطيور. سمعت فاطمة كلام خالها. قال الخال: "يا فاطمة.... استيقظي واستكملي كلّ الأعمال في هذا البيت" قالت فاطمة بطيئة: "يا الله... كيف أسكن؟..." قال الخال: "كمّلي كلّ الأعمال..."

جاءت الخالة واقتربت من فاطمة وقالت لزوجها "لن تعمل فاطمة في هذا البيت، أمس أكملت كلّ الأعمال. حين سمعت ذلك بكت فاطمة بكاءً شديدًا وقالت في نفسها: "يا الله .... أمّي... أبي.. ماتت أمّي وأبي قبل سنتين وبدأتُ حياة جديدة كما في النّار. وخالي يضربني كلّ يوم.. أنا وحيدة.... أعمل كلّ الأعمال. لكن يقول الخال لم أفعل أيّ شيئ. كيف أسكن في هذا البيت؟".

أكملت فاطمة كلّ الأعمال لكن تقول الخالة مستمرا: لا تفعل فاطمة أي عمل. وفكرت فاطمة "اليوم أذهب إلى مكان بعيد. أحبّ الوحدة.. أذهب في اللّيل إلى مكان بعيد... نعم".

في اللّيل ذهبت فاطمة إلى مكان بعيد وركبت الباص وفي يدها ملابسها ووصلت في مكان بعيد وفكرت: "أيّ بلد هذا!... ماذا لغة النّاس في هذا البلد أنا لا أدري.. إنّي جائعة جدّا. لكن ليس عندي نقود. كيف آكل؟

هي وحيدة. تجلس في جانب الشارع، تسير المراكب والناس يمرّون بجانبها وسمعت فاطمة صوت المراكب "يا الله أنا وحيدة... نعم... أحبّ الوحدة.. هذه صديقتي" فكرت وسمعت فاطمة صوتا من بطنها... نعم.. البطن يبكي بالجوع. وبعد قليل جائت هناك بنت وهي تلبس ملابسا جديدة ونعلا جيّدا وهي في لون أبيض ووجهها يضيئ بالنور. وذهبت فاطمة إليها وسألت: ماسمك؟ كيف وصلت في هذا المكان. وبدأت فاطمة أن تحكي قصتها

"قبل سنتين كنت بنتا مسرورة ربّتني أمّي وأبي وكنت تحت ظلا لهما. ولذا كنت مسرورة. وكنت في الصف العاشر ودرست جيّدا لكن صار أبي مريضا. مات أبي وبعد شهرين ماتت أمّي وكنت وحيدة... وبدأت حياة جديدة في بيت خالي... لكن كانت تلك الحياة كالحياة في النار. يضرب خالي كلّ يوم ويشتم كلّ يوم ولذا جئت إلى هذه المدينة" وبعدما سمعت مني هذا فاضت عيناها بالدّموع. "يا أختي لا تحزني.. في يدي عشرة روبية". قالت فاطمة: "من فضلك... أعطيني هذا. "نعم" إذهبي إلى المطعم واشتري الطعام. "نعم يا صديقتي شكرا جزيلا". وذهبت فاطمة إلى المطعم مسرورة جدّا".

وفكّرت: "هذا طعام لهذا الوقت.. لكن في للمساء.. كيف آكل؟.. يا الله كيف أعيش؟... كيف آكل؟ رفعت في ذهنها أسئلة كثيرة.

هي وحيدة... تجلس في جانب الشارع، "أنا وحيدة... أنا وحيدة..." وكرّرت الأسئلة مرارا وقالت فاطمة بطيئة: صارت حياتي مليئة بالأسئلة

# ചുവന്ന കാർ

മിസ്ന.എം.പി
VIII - J




സന്ധ്യയുടെ മാറിലേക്ക് സൂര്യൻ ചാഞ്ഞു. എങ്ങും അരണ്ട വെളിച്ചം മാത്രം. പറവകൾ തങ്ങളുടെ അഭയ സ്ഥാനത്തേക്കടുത്തു. അമ്മയുടെ ചൂടിനായി കരയുന്ന പക്ഷിക്കുഞ്ഞിന്റെ നേർത്ത തേങ്ങൽമാത്രം ആ നിശബ്ദതയെ മുറിച്ചിട്ടു. ശാന്തമായ അന്തരീക്ഷം.

തന്റെ കട്ടിലിൽ നിന്നെഴുന്നേറ്റ് അയാൾ ഇരുമ്പ് ജനാലയിലൂടെ പുറത്തേക്ക് നോക്കി. സുഖകരമായ ആ അന്തരീക്ഷത്തിലും അയാൾ അസ്വസ്ഥനായിരുന്നു. സ്നേഹിച്ച് ലാളിച്ച് വളർത്തിയ മക്കൾക്ക് അവരുടെ ജീവിതപാതയിൽ താനൊരു ഭാരമാവുമെന്നയാൾ കരുതിയില്ല. ഏത് പ്രതിസന്ധിയിലും കരം പിടിച്ചാശ്വസിപ്പിച്ച ജാനകിയും ദൈവവിളിക്ക് ഉത്തരം നൽകിയപ്പോൾ അയാൾ തളരുകയായിരുന്നു. നിരാലംബനാവുകയായിരുന്നു.

ഓർമ്മകളുടെ കത്തിയാളുന്ന തീയിൽ അയാളുടെ ശരീരം വിങ്ങിപ്പൊട്ടി ഒപ്പം മനസ്സും. ഉരുകിയൊലിക്കുന്ന അയാളെ ആശ്വസിപ്പിക്കാനെന്നോണം ഒരു കുളിർ തെന്നൽ മന്ദം ആ വൃദ്ധസദനത്തിന്റെ നാലുകെട്ടിലൂടെ ഒഴുകി നീങ്ങി.

വാർദ്ധക്യം ബാധിച്ച അയാളുടെ കണ്ണുകൾക്ക് വ്യക്തത തീരെ ഇല്ലായിരുന്നു. എങ്കിലും അയാളുടെ കണ്ണുകൾ കാഴ്ചകൾക്കായി എന്നും കൊതിച്ചു. റോഡിന്റെ അരികുചേർന്ന് നടപ്പാതയിലൂടെ ഒരച്ഛൻ തന്റെ കുഞ്ഞുമായി നടന്നുനീങ്ങുന്ന കാഴ്ച അയാളുടെ കണ്ണുകളിലുടക്കി. കുഞ്ഞ് കയ്യിൽ തൂങ്ങി എന്തിനോ ശാഠ്യം പിടിക്കുകയാണ്. ആ കുഞ്ഞിന് തന്റെ മകന്റെ അതേ ഛായയാണെന്ന് ആ വൃദ്ധന് തോന്നി. നോക്കി നിൽക്കെ അയാൾ കുഞ്ഞിനെയുമെടുത്ത് കാറിൽ കയറി. കാർ അയാളുടെ ദൃഷ്ടിയിൽ നിന്നുമറയും വരെ ആ വൃദ്ധൻ നോക്കിനിന്നു. ഈ രംഗം അയാളെ മുപ്പത് വർഷം പിന്നിലേക്ക് വലിച്ചിട്ടു. അന്ന് അയാൾ തന്റെ കുഞ്ഞുമായി നിരത്തിലൂടെ നടന്നു നീങ്ങുകയായിരുന്നു. കടയിലെ ചില്ലുകൾക്കുള്ളിലെ വർണ്ണങ്ങൾ വാരിവിതറിയെ കളിപ്പാട്ടങ്ങളിലൂടെ രണ്ട് കുഞ്ഞുകണ്ണുകൾ തഴുകി നടന്നു. ചെഞ്ചുവപ്പിൽ ചാലിച്ച ഒരു കാറിൽ ഇരുമിഴികളുമൊന്നുടക്കി. 'അച്ഛാ എനിക്കത് വേണം ആ കാറ്' അവന്റെ ആ കുഞ്ഞു ശബ്ദം കർണ്ണം സ്വീകരിച്ചെങ്കിലും അയാൾ അതിന് തയ്യാറായില്ല. കുഞ്ഞിന്റെ ശ്രദ്ധ നീങ്ങുന്ന കാറുകളിലേക്കും, റോഡിന്റെ വശക്കാഴ്ചകളിലേക്കും ആനയിക്കാൻ ശ്രമിച്ചു.പക്ഷെ കുഞ്ഞിന്റെ മനസ്സ് ചഞ്ചലമാവാതെ ആ കാറിൽ തന്നെ ഉടക്കിനിന്നു. അന്ന് അവന്റെ കുഞ്ഞുസ്വരം കനത്തു. 'ഞാൻ വലുതാവുമ്പോ ഒരു കാറു വാങ്ങും ഇത് പോലെ ചുവന്ന നിറമുള്ള കാറ് അച്ഛനെ അതിൽ കയറ്റൂല'. നിഷ്കളങ്കമനസ്സിൽ നിന്നുതിർന്ന ആ വാക്കുകൾ അന്ന് താൻ ചിരിച്ചുതള്ളി. എന്നാൽ അത് ദൃഢനിശ്ചയമായിരുന്നോ? തനിക്കിന്നും അതിനുത്തരമില്ല. മക്കൾ തന്നെക്കാളും ഉയരത്തിലെത്തണമെന്ന ആഗ്രഹമായിരുന്നു എന്നും. അവരെ പഠിപ്പിച്ചു ഉയർന്ന ഉദ്യോഗസ്ഥരാക്കി. അന്ന് ജീവിതമൂല്യങ്ങൾ പഠിപ്പിനൊപ്പം പകർന്നുനൽകി. കൂട്ടത്തിൽ സത്യവും, എന്നും അവർ സത്യത്തിനൊപ്പമായിരുന്നു. തന്നോടന്ന് ചെയ്ത സത്യമാണോ എന്നറിയില്ല മകൻ വാങ്ങിയ കാറിൽ ഇന്നേവരെ ഞാൻ കയറിയിട്ടില്ല. ഓർമചിത്രങ്ങൾ മനസ്സിൽ മിന്നിമറഞ്ഞ് കൊണ്ടിരുന്നു.
അപ്പോഴേക്കും ചുളുങ്ങിയ ആ കവിൾതടത്തിലൂടെ ഉപ്പുനീർ കനിഞ്ഞിറങ്ങിയിരുന്നു.

ഇങ്ങനെയെത്രയെത്ര അച്ഛനമ്മമാർ.....
അയാൾ ഒന്ന് ദീർഘമായി നിശ്വസിച്ചു.

അമ്മയുടെ ചൂടിനായി കരയുന്ന പക്ഷിക്കുഞ്ഞിന്റെ തേങ്ങൽ അപ്പോഴും കേൾക്കാമായിരുന്നു അവ്യക്തമായി....

## Headingless

Thasneema Shirin
H1- B

**Cannot your hearts**
**don't stay quit..!**
**you're strong...**
**chirping... They're imitating**
**' mad relatives'...! Green parrots**
**and crowy cock's cage**

**Don't sell your madness....!**
**don't let your innocent wound to**
**clot**
**Sell your insincerity...!**
**forget your portrait smile**

# മരണം

ഫാത്തിമത്തുൽ മുംതാസ്.എം
X - R

ഒരു നർത്തകിതൻ ചിലങ്കനാദം പോൽ
മൃത്യുവിൻ മുന്നിലേക്കെത്തിടുന്നു
അവൾതൻ ഭയാനകമാം നൃത്തചുവടുകൾ
എന്നുള്ളകത്തെ മഥിച്ചിടുന്നു.....
അജ്ഞാതമാം പുതുലോകത്തിലേക്കവൾ
എന്നെയും കൊണ്ട് പോയിടുന്നു
ആരോടുമൊന്നും ഉരിയാടാനാവാതെ
ദൂരെ ഞാൻ പോയി മറഞ്ഞിടുന്നു
ഉറ്റവർ തന്നുടെ ദീനരോദനങ്ങൾ
ഒന്നുമേ എന്നിലേക്കെത്തിയില്ല
എങ്കിലും എന്നുള്ളം നീറിപ്പിടഞ്ഞിടും
മറ്റുള്ളവർ ആരും അറിഞ്ഞതില്ല.
എൻ പ്രിയപ്പെട്ടതെല്ലാം ഉപേക്ഷിച്ച്
തീർത്ഥാടനത്തിനായി പോയിടുവാൻ
പിന്നീടൊരിക്കലും മടങ്ങിവരാത്തൊരു
ദേശാടനത്തിനായി പോയിടുവാൻ
ഒട്ടും തുനിയുന്നില്ല എന്നുള്ളം
പക്ഷേ പോകാതെയെന്തുചെയ്യും??
ആ പെണ്ണിൻ ചിലങ്കതൻ ലാസ്യഭംഗിയോ
എന്നുള്ളകത്തെ ആകർഷിച്ചിടുന്നതേറ്റം
ഒട്ടൊരു ദുഃഖം പൊതിഞ്ഞൊരു ഹൃത്തിനെ
മോഹിപ്പിക്കുമാ ചിലങ്കനാദം!!
അനിവാര്യമായൊരു യാത്രയല്ലോ ഇത്
ഓടിയൊളിക്കുവാൻ പറ്റില്ലല്ലോ
എങ്കിലും എന്നകതാരിൽ എവിടെയോ
ബാക്കിയായീടുന്നു നഷ്ടസ്വപ്നം
നിന്നെ കുറിച്ചുള്ള നഷ്ടസ്വപ്നം



# Last words

Mayiza
X.N

Meera mam was a good story teller. Often she shared good stories with her students. The story she said always had a moral. One of her stories shared with children was about a couple Anand and Naina. They were on a voyage. In the middle of voyage, ship was going to sink due to wreckage. In an attempt of saving their own life Anand quickly saved himself as there was only one person who could get in the ship. While Naina facing the death she said something to Anand. Meera mam asked Children what would be the last words of Naina. children answered differently. Some opined that Naina would have scolded him. Some said that she would have cursed Anand for saving his own life. It was at that moment Meeramam noticed a child sitting silently. Mam turned towards him and asked his opinion. He replied that, Naina would have said to Anand to take care of their children. Meera mam was surprised at that answer. He then continued it was his mother's last words to father before she passed away.

Fathima Shazna.K
X - N

# TRAVELOGUE

The happy moments that are still fresh in memories was our one day trip to Ooty -The queen of hills, One day without all the study pressures, both teachers and students put their best to make the trip memorable. We started our journey in 3 buses on a cold night of friday January. We were loaded with bags and cameras and all of us were in great thrill and happyness. Soon after the bus started to move, we started to dance along with the music that had played in the bus. Quickly our bus became a dance floor. later we had our seats and we could really experience the weather change We had to pass 14 hairpin bends to reach Ooty. And that was an amazing experience for us.

At 6.45am we reached our restaurant cum lodging. The teachers told us to get ready within 1 hour. After food and all, about 8.30am we boarded the bus to be off for Doddebetta. Dottabetta is the highest mountain in the Nilgiri hills. It is located about 10km away from Ooty. Also we got a chance to see the entire views of suicide point. We captured the views in our cameras and in our minds too. We enjoyed a natural splendor from there.

We met some foreigners there and tried to have a chit chat with them. Also we took photos with them. Out our trip guide was very enthusiastic to provide the detailed information of that place.

After Doddebetta we set out to a tea factory. We reached the tea factory in bus. It was a learning experience to see and realise the processing of tea manufacturing. First of all fine leaves are collected by tea workers and thus put through a machine to make smooth paste. Thereafter, the paste of tea leaves are dried and reduced to raw tea powder. After that they are packed and made ready for sale. Different flavors of tea are sold in the factory itself like cardamom tea, masla tea, green tea, chocolate tea so on. After watching the processing of tea powder we were provided with cardomom tea and green tea by the factory. Most of us bought tea powder from there. Also, from Ooty, known for its homemade Chocalates, I bought some for my classmates and family. We again posed for photos with our teachers. After lunch and prayer we set out to Ooty lake.

From our tour guide we heard that Ooty lake is an artificial lake made by collector of Ooty. There were boating facilities. Me, my 10 friends and 3 teachers had pleasure trips across the lake via boats. We took photos with our teachers and we enjoyed the boat ride alot. A mini garden has also been constructed here and it had an amusement park too. We walked through the park to see the beauty of place.

Returning from there, we took a trip to botanical garden, the most popular attraction of Ooty. It is situated in Udaghamandalam. We heard that the garden has around thousands of species. There is a fossilized tree trunk in the garden which is 20 millian years old. We were enjoying the moments through the beautiful garden by taking selfies with our beloved teachers Basheer sir and Niyas sir. We spent some wonderful moments exploring the garden. I should say about 80% of whole photos were taken from this garden.

Getting out of the garden, we went for shopping. The street outside the garden was filled with tourists and people. We walked along the streets and purchased some stuffs. Bargaining was a defferent kind of experience. After all about 6.30 pm we all reached near bus and went for refreshment At 7.00 O' clock. We gathered for the campfire held at the resort. It was a pure fun with music, dance and more DJS.

After that we had some delicious biriyani. Then about 10.30 we stepped back to the bus, all were gloomy and tired as well. By 5.45 am we reached school. safely. We are happy because we felt safe and enjoyed alot with our teachers.

Coming back was a matter of grief. But the blissful rare moments we had was enough to make us happy. Less time , but great experience.

# ഒരു വട്ടം കൂടിയാ.....

തസ്നീമ ഷിറിൻ (H1-B)

സൗഹൃദത്തിന്റെയും, നന്മയുടേയെും വിത്തുകൾ മുളപ്പിച്ച് അത് ജീവിതാവസാനം വരെ ഫലം നൽകാനുതകുന്ന വൻമരമായി വളർത്തിയത് സീതി സാഹിബ് ഹയർ സെക്കന്ററി സ്കൂളാണ്. വിദ്യാഭ്യാസമെന്നത് വസ്തുതകൾ പഠിപ്പിക്കുക മാത്രമല്ല മറിച്ച് ചിന്തിക്കാനായി മനസ്സിനെ പരിശീലിപ്പിക്കലുമാണെന്ന് എനിക്ക് മനസ്സിലാക്കിതന്ന എന്റെ സ്കൂൾ. പുസ്തകത്തിന്റെ മാർജിനുകൾക്കുള്ളിൽ ഒതുങ്ങി നിന്നിരുന്ന CBSE യിൽ നിന്നും അതിരുകളില്ലാത്ത സീതി സാഹിബ് സ്കൂളിലേക്ക് ചേക്കേറുമ്പോൾ അത്ഭുതമായിരുന്നു... ഇത്രയും വലിയ അങ്കണം....

ധാരാളം കുട്ടികൾ നൂറോളം അധ്യാപകർ... ലളിതവും, പ്രായോഗികവും ക്രിയാത്മകവുമായ അധ്യാപകരുടെ ശിക്ഷണവും ഇന്നത്തെ ഡിജിറ്റൽ യുഗത്തിൽ നിന്ന് നമ്മളെ വേർപെടുത്തുന്ന സ്കൂൾ മേളകളിലെ ഇണക്കങ്ങളും, പിണക്കങ്ങളും, കുസൃതികളും, തമാശകളും, ഒരുവട്ടം കൂടി ഓർമ്മകളെ തിരഞ്ഞപ്പോൾ എനിക്ക് കാണാനായി. വിശാലമായി കിടക്കുന്ന സി.എച്ച് ബ്ലോക്കിലൂടെയും, ഓഫീസ് ബ്ലോക്കിലൂടെയും ഓർമ്മകൾ സ്വാതന്ത്ര്യത്തോടെ പറന്നപ്പോൾ പൊളിച്ചുമാറ്റിയ പഴയ സ്കൂൾ കെട്ടിടത്തിന് മുന്നിൽ അൽപനിമിഷം നിന്നുപോയി. ഓർമ്മകളുടെ ചിറകറ്റപോലെ ഒരു നിമിഷമെങ്കിലും എനിക്ക് അനുഭവപ്പെട്ടു. പെരുംകലയാട്ടമായ കലോത്സവങ്ങളും, നിറങ്ങളിൽ ചാലിച്ച കായിക ദിനങ്ങളും, പ്രതിഭാലോകമായ ശാസ്ത്രോത്സവങ്ങളും മറ്റും മനസ്സിന്റെ ചുവരുകളെ തട്ടിയിട്ട് വിശാലമാക്കും വിധമാണ്. ആഹ്ലാദകരമായ ആ ഉത്സവവേളകളിൽ ആവേശത്തോടെ പങ്കെടുക്കുമ്പോഴും, ഓരോ നേരവും നമ്മൾ തമാശകൾ പങ്കിടുമ്പോഴും നമ്മൾ ഓർമ്മകൾ നെയ്യുകയാണെന്ന് തിരിച്ചറിഞ്ഞിരുന്നില്ല.

ജീവിതം ഒരു പഠനമാണ്. കലാലയ ജീവിതം എന്നത് ലോകമെന്ന വലിയ വിദ്യാലയത്തിലെ വെല്ലുവിളികളെ അതിജീവിക്കാനുള്ള തയ്യാറെടുപ്പും.

ഇപ്പോഴും ഹയർസെക്കന്ററി ജാലകത്തിലൂടെ ഞാൻ കാണുന്നുണ്ട് സ്കൂൾ ജീവിതത്തിന്റെ സുഖമെഴും കയ്പും പുളിപ്പും മധുരവും!

# കാലം തിരികെ വിളിക്കുമ്പോൾ

ഫാത്തിമതു സുഹ്റ.എം (X - P)

ജീവിതമാകുന്ന മഹാസമുദ്രത്തിന്റെ തിരമാലകൾ മനസ്സിൽ അലയടിക്കുമ്പോൾ ... മരണമെന്ന യാഥാർത്ഥ്യത്തിലേക്ക് നടന്നുനീങ്ങുന്നതുവരെ മനസ്സിൽ സൂക്ഷിക്കാൻ ചില ചിതലരിക്കാത്ത ഓർമ്മത്താളുകൾ.... ചിന്തകളുടേയും വികാരങ്ങളുടേയും കലവറകളായ മനസ്സിന്റെ ഇടങ്ങളിൽ നിന്നും ആ ഓർമ്മക്കുറിപ്പുകളെ തട്ടിയുണർത്താൻ വല്ലാത്ത ഒരു അഭിലാഷം

യു.പി സ്കൂളിന്റെ വരാന്തകളോട് വിടപറഞ്ഞ് ഹൈസ്കൂളിന്റെ പടികളിലേക്ക് ഉണർന്നുയരാൻ കൊതിച്ച ആ കാലം. സീതി സാഹിബ് ഹയർസെക്കന്ററി സ്കൂളിന്റെ ആ മൈതാനം. ആകാശത്ത് നിറഞ്ഞ് ശോഭിച്ച് നിൽക്കുന്ന നക്ഷത്രകൂട്ടങ്ങളേക്കാൾ, പൂത്തുലഞ്ഞ് നിൽക്കുന്ന പൂമൊട്ടുകളേക്കാൾ, ചിറകടിച്ച് പറക്കുന്ന ചിത്രശലഭങ്ങളേക്കാൾ, പഴുത്തുവീഴുന്ന പഞ്ചാരമാങ്ങയുടെ മാധുര്യത്തേക്കാൾ മനോഹരം. സീതിസാഹിബിന്റെ മൈതാനത്തെ വർണ്ണശബളമാക്കുന്ന, കുങ്കുമനിറമുള്ള പൂക്കൾക്ക് ജന്മം കൊടുക്കുന്ന ആ മനോഹരവൃക്ഷം. സീതി സാഹിബിന്റെ വർഷങ്ങളായുള്ള ചരിത്ര ഇതിഹാസങ്ങൾക്ക് സാക്ഷിയായി, കാലം സീതി സാഹിബ് സ്കൂളിന് സമ്മാനിച്ച വർണ്ണശബളമായ മുഹൂർത്തങ്ങൾക്കും എപ്പോഴൊക്കെയോ വന്നുഭവിച്ച പ്രത്യാഘാതങ്ങൾക്കും സാക്ഷിയായി സ്കൂളിന്റെ ചരിത്രയാഥാർത്ഥ്യങ്ങൾ ശ്രവിച്ച് സീതിസാഹിബിന്റെ കാലങ്ങളായുള്ള കഥകൾ പറയുവാൻ മാത്രം ശക്തിയോടെ, പ്രാചീനതലമുറകൾക്ക് അക്ഷരവെളിച്ചം പകർന്ന ആ ഓർമ്മപുരയോട് ചാഞ്ഞ് കിടക്കുന്നു.

ആ വൃക്ഷത്തെ മനോഹരമാക്കി ഓരോ വർഷവും പൂത്തുലയുന്ന, പുതുമനിറഞ്ഞ, ആ കുങ്കുമനിറമുള്ള പൂക്കൾ, സീതിസാഹിബിലേക്ക് കാലെടുത്തുവെക്കുന്ന വിദ്യാർത്ഥിസമൂഹത്തിന്റെ ഉന്മേഷത്തേയും, ആമോദത്തേയും, ആനന്ദത്തേയും ഉയർത്തിക്കാട്ടുന്നു. ആ വൃക്ഷങ്ങളിൽ നിന്നും പൊഴിഞ്ഞുവീഴുന്ന പൂക്കളുടെ വിരഹവേദന, സീതിസാഹിബ് സ്കൂളിൽ നിന്നും പടിയിറങ്ങിപോകുന്ന ഓരോ പത്താം ക്ലാസ്സുകാരുടേയും മനോവിഷമത്തിനും , ദുഃഖത്തിനും രോദനങ്ങൾക്കും പ്രതീകാത്മകമാണ്.

വളർന്ന് വരുന്ന പുതുതലമുറയ്ക്ക് അക്ഷരവെളിച്ചത്താൽ മണിമാളിക പണിതുകൊടുക്കുന്ന അധ്യാപക കൂട്ടം, സീതിസാഹിബിന് എക്കാലത്തും നിധി സമാനമാണ്. വിടപറഞ്ഞ വഴികളിൽ പ്രിയ സുഹൃത്തുക്കൾ നൽകിയ മധുരതരമായ ഓർമ്മകൾ മനസ്സിൽ താലോലിക്കുമ്പോൾ മനസ്സ് വീണ്ടും കൊതിക്കുന്നു. ആ വഴികളിലൂടെ വീണ്ടും സഞ്ചരിക്കാൻ ഒരുമിച്ച് പറക്കുന്ന പക്ഷിക്കൂട്ടങ്ങളെപ്പോലെ, കാറ്റിൽ ചാഞ്ചാടുന്ന പച്ചിലകളെപ്പോലെ എന്നും ഒരുമയോടെ, വിശ്വസ്തതയോടെ പറക്കാൻ കൊതിക്കുന്ന സുഹൃത്തുക്കളാണ് എന്റെ സൗഭാഗ്യം.

ഒരിക്കലും തിരിച്ചുകിട്ടാത്ത കലോത്സവനാളുകളുടേയും, മതിമറന്ന് ആസ്വദിച്ച് ആടിതിമിർത്ത വിനോദ യാത്രകളുടേയും സ്മരണകൾ ഇന്ന് വേദനകളിലേക്ക് വഴിമാറിയിരിക്കുന്നു.

Althaf Rahman
S2B

# എന്നെ ഞാനാക്കിയ സീതി

വാങ്കഡെ ക്രിക്കറ്റ് സ്റ്റേഡിയം സച്ചിൻ എന്ന മഹാപ്രതിഭയെ എത്രത്തോളം സ്വാധിനിച്ചിട്ടുണ്ടോ അതിനേക്കാളേറെ എന്റെ ജീവിതത്തിൽ സ്വാധീനം ചെലുത്തിയിട്ടുണ്ട്. സീതി സാ
ഹിബ് എച്ച് എസ് എസ്. എനിക്ക് ആദ്യാക്ഷരങ്ങൾ പറഞ്ഞുതന്നതോ അല്ലെങ്കിൽ പഠനത്തിന്റെ തുടക്കം കുറിക്കപ്പെട്ടതോ ആയ സ്ക്കൂൾ അല്ല സീതി. പക്ഷെ എന്റെ ജീവിതത്തിലെ വഴിത്തിരിവിന്റെ കാലഘട്ടങ്ങളായിരുന്നു അവിടെ പഠിച്ച അഞ്ചുവർഷക്കാലം.

പതിറ്റാണ്ടുകൾക്ക് മുമ്പുള്ള കഠിനവഴികളിൽ നിന്നും വിജയത്തിന്റെ നെറുകയിലേക്ക് സീതി കുതിച്ചപ്പോൾ അതിന് സാക്ഷ്യം വഹിക്കാൻ സാധിച്ചത് അസുലഭമുഹൂർത്തമായി ഞാൻ കരുതുന്നു. പരീക്ഷയെഴുതിയ മുഴുവൻ വിദ്യാർത്ഥികളും പാസ്സായ ഒരു വർഷമേ സീതിക്കുണ്ടായിട്ടുള്ളു. അതിന്റെ ഭാഗമാകാൻ സാധിച്ചത് എന്റെ ഭാഗ്യമായി ഞാൻ കാണുന്നു. വിജയികളായ മുഴുവൻ വിദ്യാർത്ഥികളേയും ഒരേ വേദിയിൽ വെച്ച് അനുമോദിച്ചതും സീതി കുറിച്ചിട്ട നാഴികക്കല്ലുകളിൽ ഒന്ന്.

പാഠ്യേതര പ്രവർത്തനങ്ങളിലും ഭാഗമാകാൻ കഴിഞ്ഞതുകൊണ്ട് തന്നെ സ്ക്കൂളിലെ പല അധ്യാപകരുമായി അടുത്ത ബന്ധം സ്ഥാപിക്കാൻ എനിക്ക് സാധിച്ചിട്ടുണ്ട്. ഒരു കാര്യം തറപ്പിച്ചു പറയട്ടെ. ഈ സ്കൂളിന്റെ ഏറ്റവും വലിയ സമ്പത്ത് എന്ന് പറയുന്നത് ഇവിടുത്തെ അധ്യാപകർ തന്നെയാണ്. അവരുടെ ആത്മസമർപ്പണം ഇല്ലായിരുന്നുവെങ്കിൽ ഈ വിജയങ്ങളുടെ മധുരം ഇത്രയും ഉണ്ടാകുമായിരുന്നില്ല. ഗണിതശാസ്ത്രമേളയിൽ പങ്കെടുത്തിതിന്റെ അനുഭവത്തിൽ ഞാൻ കണ്ടറിഞ്ഞതാണ് അധ്യാപകരുടെ പ്രയത്നവും പിന്തുണയും. ഏറ്റവും മികച്ച ഗണിത അധ്യാപകരുള്ള ഒരു സ്ക്കൂളാണ് നമ്മളുടേത്. ശാസ്ത്രമേളകളിൽ ഏറ്റവും കൂടുതൽ നേട്ടമുണ്ടാക്കുന്നതും അവർ തന്നെ. എത്രയോ മാസങ്ങൾക്കുമുന്നേ തുടങ്ങുന്ന പ്രക്രിയകളിലൂടെയാണ് അവർ മത്സരാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. സബ്ജില്ലാ മത്സരത്തേക്കാൾ കഠിനമാണ് ഇവിടുത്തെ സെലക്ഷൻ. ഒരു വർഷം ഇതിനുവേണ്ടി ചിലവഴിച്ചതിന്റെ ഉൾപ്രേരണയിലാവണം വീണ്ടും അത് തുടരണമെന്ന് ഞാനും എന്റെ സുഹൃത്തുക്കളും കരുതിയത്. ഹൈസ്കൂളിൽ വൻ നേട്ടങ്ങൾ കൊയ്തവർ ഹയർ സെക്കന്ററിയിൽ ഈ മേഖലകളിൽ തകർന്നടിഞ്ഞതിന് ഞങ്ങൾ സാക്ഷികളാണ്. അതൊന്ന് മാറ്റിപ്പിടിക്കാൻ ശ്രമിച്ചപ്പോൾ ഹൈസ്കൂളിലെ റെക്കോർഡിനേയും മറികടന്ന് ഞങ്ങൾ മുന്നേറി. തലനാരിഴക്ക് ജില്ലാ ചാമ്പ്യൻഷിപ്പ് വിട്ടുമാറിയെങ്കിലും ഇന്ന് ആ നേട്ടത്തിൽ ഞങ്ങൾ അഭിമാനിക്കുന്നു. രണ്ട് വർഷത്തെ ഹയർ സെക്കന്ററി കാലഘട്ടത്തിൽ പാഠ്യവിഷയങ്ങളെക്കാളും പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തിയ ഒരു ബാച്ചായിരുന്നു ഞങ്ങളുടേത്. കലോത്സവങ്ങളിലും, കായികമേളയിലും, ശാസ്ത്രമേളകളിലുമടക്കം ഏറ്റവും കൂടുതൽ വിദ്യാർത്ഥികൾ സംസ്ഥാനതലത്തിൽ ശോഭിച്ചതും ഈ വർഷം തന്നെ.

ഓരോ വിദ്യാർത്ഥിയുടേയും വിജയത്തിന്റെയും പ്രയത്നത്തിന്റെയും പിറകിൽ താങ്ങായി, തണലായി നിൽക്കുന്ന അധ്യാപകർ എന്നും ഈ സ്കൂളിൽ ഉണ്ടാകട്ടെ എന്ന പ്രാർത്ഥനയോടെ....

# ഓർമ്മകൾ

സോന അഗസ്റ്റിൻ X-R

ഓർമ്മകൾക്ക് എന്നും മനസ്സിന്റെ താളമാണ്. സ്കൂൾ ജീവിതത്തിലെ ഓർമ്മകൾ മനസ്സിൽ എന്നും മായാത്ത ജീവനുകളാണ്. സുഖവും, സന്തോഷവും, കളിയും, ചിരിയും, അടിയും, വഴക്കും ഒക്കെ ഇപ്പോൾ വെറും ഓർമ്മമാത്രം. ഞാൻ സീതിസാഹിബിൽ പത്താംതരത്തിലാണ് പഠിക്കുന്നത്. സത്യം പറഞ്ഞാൽ എന്റെ ജീവിതത്തിലെ ഏറ്റവും നല്ല മുഹൂർത്തങ്ങൾ എനിക്ക് ഇവിടെ നിന്നാണ് ലഭിച്ചത്. എന്റെ ക്ലാസ്സ് സി.എച്ച് ബ്ലോക്കിലെ 2-ാം നിലയിലാണ്.

ഫ്രണ്ട്ഷിപ്പിന്റെ നല്ല നിമിഷങ്ങൾ എനിക്ക് പകർന്ന് നൽകാൻ എന്റെ ക്ലാസ്സിൽ 43 വിദ്യാർത്ഥികൾ ഉണ്ട്. 17 പെൺപടകളും 24 ആൺപടകളും. വിദ്യാലയത്തിന്റെ നല്ല നിമിഷങ്ങൾ ഞാൻ അവരുടെ കൂടെയായിരുന്നു. ഈ വർഷം എന്റെ ക്ലാസ്സിൽ 4 അതിഥികൾ വന്നു.

എന്റെ ക്ലാസ്സിനെക്കുറിച്ചോർത്ത് എനിക്ക് അഭിമാനിക്കാൻ പറ്റുന്ന കാര്യങ്ങൾ കുറെയുണ്ട്. അതിൽ ചിലത് ഞാൻ നിങ്ങളുമായി പങ്കുവെക്കാം. അഭിമാനനിറവിൽ നിൽക്കുന്ന 10 എസ് പി സി കുട്ടികൾ, NMMS ലഭിച്ച 2 വിദ്യാർത്ഥികൾ, JRC അംഗമായ ഒരു വിദ്യാർത്ഥി, സംസ്ഥാന ഗണിതശാസ്ത്രമേളയിൽ അ ഗ്രേഡ് നേടിയ എന്റെ കൂട്ടുകാരി. പിന്നെ കഴിവുകൊണ്ടും രൂപം കൊണ്ടും സിനിമാസ്റ്റൈലിലുമാണ് കുറേയെണ്ണം. പറയാനാണെങ്കിൽ രാംചരൺ, ജാക്കിചാൻ, പി ടി ഉഷ.

ഒരു നാണയത്തിന് രണ്ട് വശങ്ങളുള്ളതുപോലെ ഓർക്കാൻ രസകരമായ നിമിഷങ്ങളുമുണ്ട് എന്റെ ക്ലാസ്സിൽ അടിയാണെങ്കിൽ അടി...... വഴക്കാണെങ്കിൽ വഴക്ക്. വേദനയാണെങ്കിലും അങ്ങനെതന്നെ. കലാലയത്തിലെ ഓർമ്മകൾ എന്നും മനസ്സിനെ കുളിരണിയിപ്പിക്കുന്നതാണ്. 10-ാം ക്ലാസ്സായതുകൊണ്ടാണോ എന്നറിയില്ല അടിക്കൊരു കുറവുമുണ്ടായിരുന്നില്ല. കാന്റീനിൽപോയി തിരിച്ചുവരാൻ ലേറ്റായതിന്റെ പേരിൽ സാബിറ ടീച്ചറിന്റെ കൈയ്യിൽ നിന്ന് അടിവാങ്ങിയത് മറക്കാൻ പറ്റാത്ത ഓർമ്മയായിരുന്നു.

ഈ വർഷം കടന്നുപോയത് അറിഞ്ഞതേയില്ല. നല്ല നല്ല ഓർമ്മകൾ തന്ന ഈ വർഷം എന്നും എന്റെ മനസ്സിൽ നിലനിൽക്കും.

# സീതിയുടെ തണലിൽ...

മായിസ എന്ന
വിദ്യാർത്ഥിനിയുടെ
രക്ഷിതാവ് മാഹിൻ.ടി.പി

എട്ടാം ക്ലാസിലേക്ക് മകളെ ഏത് സ്കൂളിൽ ചേർക്കണമെന്ന ആശങ്ക ഒട്ടുമിക്ക രക്ഷിതാക്കളെപ്പോലെ എനിക്കുമുണ്ടായിരുന്നു. സീതി സാഹിബ് സ്കൂൾ എന്ന എന്റെ തീരുമാനം തെറ്റിയില്ലെന്ന് കാലം തെളിയിച്ചു. ഒരു അധ്യാപകൻ എന്നതിലുപരി ഒരു രക്ഷിതാവിന്റെ പക്ഷത്തുനിന്നാണ് ഇവിടുത്തെ അധ്യാപകൻ ചിന്തിക്കുന്നതും പെരുമാറുന്നതും. കുട്ടികളുടെ കഴിവിനെ തിരിച്ചറിഞ്ഞ് പ്രോത്സാഹിപ്പിക്കാനും അവരുടെ വിജയത്തിനായി സ്വന്തം ആവശ്യങ്ങളെ മാറ്റിവെച്ച് കുട്ടികൾക്ക് വേണ്ടി പ്രവർത്തിക്കാനും സന്നദ്ധരാകുന്നു. എന്റെ മകൾക്ക് പരീക്ഷയടുത്താൽ വല്ലാത്തൊരു ടെൻഷനായിരിക്കും. അറിയാവുന്ന ഉത്തരങ്ങൾ പോലും പേടികാരണം പലപ്പോഴും തെറ്റിക്കാറാണ് പതിവ്. ഈ പ്രശ്നം ക്ലാസ് അധ്യാപകൻ മനസ്സിലാക്കുകയും അതിനു പരിഹാരമായി മറ്റൊരു അധ്യാപകനോട് പറഞ്ഞ് കൗൺസിലിംങ്ങ് ഏർപ്പാടാക്കുകയും ചെയ്തു. രണ്ട് പ്രവശ്യത്തെ കൗൺസിലിങ്ങിനു ശേഷം മകളുടെ എല്ലാ പ്രശ്നങ്ങളും ടെൻഷനും മാറി.

ഒരു പക്ഷെ അന്ന് ആ അധ്യാപകന് എന്റെ മകളുടെ പേടി മനസ്സിലാക്കിയില്ലെങ്കിൽ അവൾക്ക് ഇന്നും പരീക്ഷയെ നേരിടാൻ ഭയമായിരിക്കും.

ഒരു കുട്ടിയെ സംബന്ധിച്ചെടുത്തോളം അവൻ അല്ലെകിൽ അവൾ കൂടുതൽ സമയം ചെലവഴിക്കുന്നത് സ്കൂളിലാണല്ലോ. കുട്ടികളെ അച്ചടക്കബോധമുള്ളവരാക്കുന്നതിലും, സത്യസന്ധൻമാരാക്കുന്നതിലും അധ്യാപകനുള്ള പങ്ക് ഒരിക്കലും സീതിയിലെ അധ്യാപകർ മറക്കുന്നില്ല. എന്റെ മകളുടെ പ്രശ്നം അവളുടെ ക്ലാസ് അധ്യാപകൻ പരിഹരിച്ചതുപോലെ ഓരോ കുട്ടിയുടെയും താങ്ങും തണലുമാണ് സീതിയിലെ ഓരോ അധ്യാപകരും. അവരുടെ പ്രവർത്തനങ്ങളെ എത്രതന്നെ പ്രശംസിച്ചാലും ബഹുമാനിച്ചാലും മതിവരില്ല. കുട്ടികൾക്കായുള്ള ഇവിടുത്തെ അധ്യാപകരുടെ പ്രവർത്തനത്തിൽ ഞാൻ അഭിമാനിതനാണ്. സീതീസാഹിബിലെ വിദ്യാർത്ഥിയുടെ രക്ഷിതാവ് എന്ന നിലയിൽ ഞാൻ തൃപ്തനും സന്തോവാനുമാണ്.

# സീതിയെന്ന നന്മ മരം

ശ്രീലക്ഷ്മി എന്ന
വിദ്യാർത്ഥിനിയുടെ മാതാവ്
രാഗിണി സജികുമാർ, ചവനപ്പുഴ

സീതിസാഹിബ് ഹയർസെക്കന്ററി സ്കൂൾ ഇന്ന് സംസ്ഥാനതലത്തിൽ തന്നെ മികച്ച സ്കൂളായി മാറിയിരിക്കുകയാണ്. അടർന്നുവീഴാറായ പുറംചട്ടയും താളുകൾ കീറിപ്പറിഞ്ഞ് അക്ഷരപിശകുള്ള ഒരു പുസ്തകമായാണ് പണ്ട് ഞങ്ങൾ സീതിയെ നോക്കിക്കണ്ടത്. എന്നാലിന്ന് ഒരുകൂട്ടം സുമനസ്സുകൾ ഒരു മെയ്യായി ആ പുസ്തകത്തിന്റെ അകവും പുറവും മനോഹരമാക്കിമാറ്റി.

സീതിസാഹിബിലേക്ക് ഒരു രക്ഷിതാവെന്ന നിലയിൽ ആദ്യമായി കടന്നുവരുമ്പോൾ ചെറിയൊരു ഭയമുണ്ടായിരുന്നു. കൗമാര പ്രായത്തിലെത്തിയ മകൾക്ക് ഈ കലാലയം അർഹിക്കുന്ന പരിഗണനയും സ്നേഹവും കരുതലും, ജ്ഞാനവും എത്രത്തോളം നൽകുമെന്നറിയില്ലല്ലോ? എന്നാൽ ഇന്നെനിക്ക് ഉറച്ചുപറയാൻ കഴിയും ഈ കലാലയം പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മാത്രമല്ല ജീവിതത്തിൽ വെളിച്ചം വീശാവുന്ന സകല മേഖലകളിലും ഏറെ മുന്നിലാണ്. പക്ഷേ ഞാനേറെ വിലമതിക്കുന്നത് ഒരു രക്ഷിതാവിന്റെ കരുതലുള്ള നല്ല അധ്യാപകരെയാണ്. എന്റെ മകൾ ഈ സ്കൂളിന്റെ പടിയിറങ്ങുമ്പോൾ പലപ്പോഴായി അവളെന്നോട് പങ്കുവെച്ച കുറേ നല്ല ഓർമകൾ അവൾക്കെന്നും ഒരു മുതൽകൂട്ടാകുമെന്നെനിക്കുറപ്പുണ്ട്. പാഠ്യവിഷയങ്ങളിൽ ഏറ്റവും വലിയ വിജയം നേടിയതുകൊണ്ട് മാത്രം ഒരു വിദ്യാർത്ഥിയും ഒരു വിദ്യാലയവും അതിന്റെ പൂർണ്ണതയിൽ എത്തുന്നില്ല. മറിച്ച് ഓരോ വിദ്യാർത്ഥിയും നേടുന്ന അറിവും അച്ചടക്കവും വിനയവുമാണ് അവരെ പൂർണ്ണതയിലേക്ക് നയിക്കുന്നത്. ഈ കലാലയത്തിന്റെ പടിയിറങ്ങുമ്പോൾ ഓരോ വിദ്യാർത്ഥിയുടേയും ഉള്ളിൽ സീതിസാഹിബ് എന്ന നൻമമരം പകർന്നു നൽകിയ മൂല്യവും കരുത്തും ഉണ്ടായിരിക്കുമെന്ന് ഞാൻ ഉറച്ചു വിശ്വസിക്കുന്നു. ഈ നന്മമരം ഒരു വടവൃക്ഷമായി വളർന്നു പന്തലിക്കുവാൻ സർവ്വേശ്വരനോട് പ്രാർത്ഥിക്കുന്നു.

# ഇവർ സംസ്ഥാന പ്രതിഭകൾ



**സിനാൻ.കെ**
സംസ്ഥാന കലോത്സവം
**ഒന്നാംസ്ഥാനം**
അറബിക് പോസ്റ്റർ



**ഫായിസ. സി.**
സംസ്ഥാന കലോത്സവം
**ഒന്നാംസ്ഥാനം**
അറബിക് കഥാരചന



**നയൻ താര**
സംസ്ഥാന കലോത്സവം
കേരള നടനം
**എ ഗ്രേഡ്**



**റിഷാന ടി.കെ**
സംസ്ഥാന ഗണിതശാസ്ത്ര മേള
**3rd എ ഗ്രേഡ്**
നമ്പർ ചാർട്ട്



**സൽവ അസൈനാർ**
സംസ്ഥാന ഗണിതശാസ്ത്ര മേള
**എ ഗ്രേഡ്**
സിങ്കിൾ പ്രൊജക്ട്



**സഹല ജബീൽ**
സംസ്ഥാന ഗണിതശാസ്ത്ര മേള
**എ ഗ്രേഡ്**
പ്യുവർ കൺസ്ട്രക്ഷൻ



**ഷാഹിൽ.എം**
സംസ്ഥാന ഗണിതശാസ്ത്ര മേള
**എ ഗ്രേഡ്**
വർക്കിങ്ങ് മോഡൽ



**അൽതാഫ് റഹ്മാൻ.സി**
സംസ്ഥാന ഗണിതശാസ്ത്ര മേള
**1st എ ഗ്രേഡ്**
ഗെയിം



**ഫാത്തിമത്ത് റിസ്വാന**
സംസ്ഥാന ഗണിതശാസ്ത്ര മേള
**എ ഗ്രേഡ്**
പ്യുവർ കൺസ്ട്രക്ഷൻ



**റുമൈസ റഫീഖ്**
സംസ്ഥാന ഗണിതശാസ്ത്ര മേള
**എ ഗ്രേഡ്**
ഗ്രൂപ്പ് പ്രൊജക്ട്



**ശ്രീലക്ഷ്മി രാജീവ്**
സംസ്ഥാന ഗണിതശാസ്ത്ര മേള
**എ ഗ്രേഡ്**
ഗ്രൂപ്പ് പ്രൊജക്ട്



**അബ്ദുൾ അൽതാഫ്**
സംസ്ഥാന സോഷ്യൽ ഫെസ്റ്റ്
**എ ഗ്രേഡ്**
സ്റ്റിൽ മോഡൽ



**മേഘ്ന.ബി**
സംസ്ഥാന സോഷ്യൽ ഫെസ്റ്റ്
**എ ഗ്രേഡ്**
അറ്റ്ലസ് നിർമ്മാണം



**അതുൽ കെ. അശോക്**
സംസ്ഥാന സോഷ്യൽ ഫെസ്റ്റ്
**എ ഗ്രേഡ്**
സ്റ്റിൽ മോഡൽ



**ഇഹ്സാൻ അഹമ്മദ്**
സംസ്ഥാന പ്രവൃത്തി പരിചയ മേള
**എ ഗ്രേഡ്**
റെക്സിൻ വർക്ക്



**സാന്ദ്രാ ജോസ്**
സംസ്ഥാന ബാഡ്മിന്റൻ
**എ ഗ്രേഡ്**
റണ്ണർ അപ്പ്

## സീതി അന്താരാഷ്ട്ര തലത്തിലേക്ക്

തിരുവനന്തപുരത്ത് വെച്ച് നടന്ന സംസ്ഥാന ബാലശാസ്ത്ര കോൺഗ്രസിൽ പ്രൊജക്ട് അവതരിപ്പിച്ച വിദ്യാർത്ഥികളായ ആയിശ എസ്.പി, അഫ്ര മുസ്തഫ, മാളവിക കെ, ആദിൽ





പാലക്കാട് വെച്ച് നടന്ന സംസ്ഥാന ശാസ്ത്രമേളയിൽ വിവിധ ഇനങ്ങളിൽ എ.ഗ്രേഡ് നേടിയവർ

ജില്ലാ സുബ്രതോ മുഖർജി അണ്ടർ 17 ഫുട്ബോൾ മത്സരത്തിൽ മൂന്നാം സ്ഥാനം നേടിയ സീതി സാഹിബ് സ്കൂൾ ടീം



ജില്ലാ അറബിക് കലോത്സവത്തിൽ ഓവറോൾ നേടിയ സീതി സാഹിബ് ഹൈസ്കൂൾ ടീം



## അഭിമാന നിമിഷങ്ങൾ

ഈ വർഷം രാജ്യപുരസ്കാർ നേടിയവർ
റസ്മിയ ബഷീർ, ഫാത്തിമത്ത് ബിഹ്ഷ.കെ, ഹസ്ന.ടി.വി, ഫാത്തിമത്തുൽ ഷഹറിയ,



തളിപ്പറമ്പ നോർത്ത് സബ് ജില്ലാ ഹൈസ്കൂൾ വിഭാഗം ഗണിത ശാസ്ത്ര മേള, ഹയർ സെക്കന്ററി വിഭാഗം ഗണിത ശാസ്ത്ര മേള എന്നിവയിൽ ചാമ്പ്യൻമാരാവുകയും ഹൈസ്കൂൾ വിഭാഗം ശാസ്ത്ര മേളയിൽ റണ്ണേഴ്സപ്പാവുകയും ചെയ്ത സീതി സാഹിബ് ഹയർ സെക്കന്ററി സ്കൂൾ ടീം



സബ് ജില്ലാ സുബ്രതോ മുഖർജി അണ്ടർ 14 ഫുട്ബോൾ മത്സരത്തിൽ തുടർച്ചയായി ചാമ്പ്യൻമാരായ സീതി സാഹിബ് ഹയർ സെക്കന്ററി സ്കൂൾ ടീം



സബ് ജില്ലാ കലോത്സവം ഹൈസ്കൂൾ വിഭാഗത്തിൽ ഓവർ ഓൾ നേടിയ സീതി സാഹിബ് ഹയർ സെക്കന്ററി സ്കൂൾ ടീം






















SSLC വിജയികൾക്കുള്ള അവാർഡ്ദാനം കെ.എം.ഷാജി നിർവ്വഹിക്കുന്നു.

## സീതി അന്താരാഷ്ട്ര തലത്തിലേക്ക്

## കായിക മാമാങ്കം

SEETHI SAHIB HIGHER SECONDARY SCHOOL SEETHI SAHIB HIGHER SECONDARY SCHOOL SEETHI SAHIB HIGHER SECONDARY SCHOOL





















SEETHI SAHIB HIGHER SECONDARY SCHOOL SEETHI SAHIB HIGHER SECONDARY SCHOOL SEETHI SAHIB HIGHER SECONDARY SCHOOL

## വാർത്തകളിൽ

## കൂട്ടുകാർക്ക് വീട് നൽകി സീതിസാഹിബിലെ വിദ്യാർത്ഥിക്കൂട്ടം

### മുഖ്യമന്ത്രി ഉമ്മൻ ചാണ്ടി താക്കോൽ ദാനം നിർവ്വഹിച്ചു





## നൂറുമേനി വിജയമധുരത്തിന് ആയിരം അഭിനന്ദനം

## സീതി സാഹിബ് സ്കൂളിൽ 'ഹൃദയത്തിൻെറ തുടിപ്പ്'



## ഒരു വർഷത്തിനുള്ളിൽ മൂന്നു ലക്കങ്ങളുമാ സീതിസാഹിബ് സ്കൂൾ കുട്ടികളുടെ മാസിക





## എസ്.എസ്.എൽ.സി. വിജയിച്ച 1097പേർക്ക് മെഡൽ നൽകി സീതീസാഹിബ് സ്കൂൾ മാതൃകയായി



## ത്തുഗ്രാമം പദ്ധതിയുമായി സീതിസാഹിബ് സ്കൂൾ എൻ.എസ്.എസ്

## നുശോചിച്ചു

## ശീമക്കൊന്നയുണ്ടോ... കൊതുകിനെ കൊല്ലാം'

## സീതിസാഹിബിൻെറ കുട്ടികളുടെ പ്രോജക്ട് ബാലശാസ്ത്ര കോൺഗ്രസിലേക്ക്

## സീതിസാഹിബ് സ്കൂളിന് മികവ്

തളിപ്പറമ്പ:എട്ടാം ക്ലാസിലെ വിദ്യാർത്ഥികൾക്കായി ദേശീയതലത്തിൽ നടത്തപ്പെടുന്ന നാഷണൽ മീൻസ് കം മെറിറ്റ് സ്കോളർഷിപ്പ് (എൻ.എം.എം.എസ്) പരീക്ഷയിൽ ജില്ലയിൽ ഏറ്റവും കൂടുതൽ കുട്ടികളെ വിജയിപ്പിച്ച സ്കൂളായി തളിപ്പറമ്പ സീതിസാഹിബ് ഹയർ സെക്കണ്ടറിയെ തിരഞ്ഞെടുത്തു. പതിനാല് കുട്ടികൾ ആണ് സ്കോളർഷിപ്പ് നേടിയത്. മുൻവർഷവും സീതിസാഹിബ് ഹയർസെക്കണ്ടറി സ്കൂൾ തന്നെ യായിരുന്നു ജില്ലയിൽ ഒന്നാമത്.



തളിപ്പറമ്പ് നോർത്ത് ഉപജില്ലാ ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ വിഭാഗം ഗണിതശാസ്ത്രമേളയിൽ ചാമ്പ്യൻമാരായ സീതി സാഹിബ് ഹയർ സെക്കൻഡറി സ്കൂൾ വിദ്യാർഥികൾ

## ഗണിതത്തിൽ അജയ്യരായി സീതിസാഹിബ്

## സീതിസാഹിബ് സ്കൂൾ സ്മാർട്ട് തീയേറ്റർ ഉദ്ഘാടനം ചെയ്തു

തളിപ്പറമ്പ: സീതിസാഹിബ് ഹയർസെക്കണ്ടറി സ്കൂൾ സ്മാർട്ട് തീയേറ്റർ കം കോൺഫ്രൻസ് ഹാൾ ഉദ്ഘാടനവും എസ്.എസ്.എൽ.സി, പ്ലസ്ടു, എൻ.എം.എം.എസ് പ്രതിഭകളെ ആദരിക്കലും നടന്നു. ഉദ്ഘാടനവും ഉപഹാര സമർപ്പണവും കെ.എം. ഷാജി എം.എൽ.എ നിർവഹിച്ചു. സ്കൂൾ മാനേജർ പി.കെ. സുബൈർ അധ്യക്ഷത വഹിച്ചു. കോൺഫ്രൻസ് ഹാൾ റിപ്പോർട്ട് അവതരണം പി.പി. മുഹമ്മദ് നിസാർ നിർവഹിച്ചു. സീതിസാഹിബ് സ്പോർട്സ് ക്ലബിനുള്ള ഉപഹാരം കെ. മുസ്തഫ ഹാജിയും 1968-70 ബാച്ച് പൂർവ്വ വിദ്യാർത്ഥി സമാജത്തിനുള്ള ഉപഹാരം



## വിദ്യാർത്ഥികളുടെ രക്ഷിതാക്കളെ തേടി നാടുകളിലേക്ക്; സീതിസാഹിബ് സ്കൂൾ മാനേജ്മെന്റിന്റെ ശ്രദ്ധേയ ചുവടുവെപ്പ്

## കലാമിന്റെ വാക്ക് ഹൃദയത്തിലേറ്റി

## 24 മണിക്കൂർ പ്രവർത്തിച്ച് ചരിത്രം സൃഷ്ടിക്കാൻ സീതിസാഹിബ് സ്കൂൾ